# യുവദർശനം

2026 VOL 1

ISSUE 1



സെന്റ് മേരീസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം, മല്ലശ്ശേരി


IN LOVING MEMORY of
THANKACHAN T
SAJAN VILLA


പാവന സ്മരണയ്ക്ക്
ടി ജി കോശി
തടത്തിൽ ഹാപ്പി ഹോം



മലങ്കര ഓർത്തഡോക്സ്
ക്രൈസ്തവ യുവജനപ്രസ്ഥാനം,
മല്ലശ്ശേരി, തുമ്പമൺ ഭദ്രാസനം

# ഉൾത്താളുകളിലൂടെ.....

| | |
|---|---|
| എഡിറ്റോറിയൽ | 05 |
| പ്രാർത്ഥനയും ആത്മീയ വളർച്ചയും | 06 |
| SUSANNA | 07 |
| കരുണയുടെ തുറമുഖത്തേക്കുള്ള മടക്കം | 08 |
| “പൂക്കി ബ്രോ”-കളുടെ കാലം.. മാറുന്ന ലോകം .. | 09 |
| Blessed are the Peace Makers | 12 |
| പത്തുപേർ ശുദ്ധരായില്ലേ? ഒമ്പതുപേർ എവിടെ? | 13 |
| മരത്തംകോട് പള്ളിയും പുത്തൻകാവ് കൊച്ചുതിരുമേനിയും | 16 |
| Haman on the Gallows | 18 |
| തിന്മയിൽ നിന്നും നന്മയിലേക്ക് നടക്കുന്നവരാകാം | 19 |
| പ്രാർത്ഥനയുടെ പ്രാധാന്യം | 20 |
| ഇന്നത്തെ യുവാക്കൾ, നാളെയുടെ വെല്ലുവിളികളോ? | 21 |
| ഹൃദയത്തിന്റെ പ്രകാശം | 22 |
| ജീവിതത്തിൽ സമാധാനം എവിടെ? | 23 |
| ഇരുളടയുന്ന കൗമാരങ്ങളും വിശ്വാസത്തിന്റെ ആത്മീയ കോട്ടയും | 24 |
| സമയനിയന്ത്രണവും പഠനരീതികളും | 26 |
| കൃതജ്ഞത | 27 |
| വാർത്തകൾ വിശേഷങ്ങൾ | 28 |
| BIBLE WORD SEARCH | 29 |
| കളർ ചെയ്യൂ... സമ്മാനം നേടൂ.. | 30 |



PLACE OF PUBLICATION:
**ST. MARY'S ORTHODOX CHURCH MALLASSERY**

PRESIDENT:
**FR. BIJU THOMAS PARANTHAL**

VICE PRESIDENT:
**FR. ASHLY JOHN THOMAS**
**JOEL KOSHY THOMAS**

CHEIF EDITOR:
**ALEENA MARY BLESSON**

EDITORIAL BOARD:
**AARON MANU MATHAI**
**JEFFIN T SAJAN**
**SERA SARA MATHEW**

DESIGN:

**abiyebe**
7593934885

PRINTED AT:
**PRINT EXPRESS, KOCHI**

NO. OF COPIES:
**500**

DATE OF PUBLICATION:
**07TH JUNE 2026**




Disclaimer:
Statements and opinions given in the articles or advertisements in this magazine are the expression as of contributors and advertisers for which the editorial board assumes no responsibilities

( For private circulation only)

# എഡിറ്റോറിയൽ



യുവദർശനത്തിന്റെ 2026ലെ പ്രഥമലക്കം പ്രസിദ്ധീകരിക്കുവാൻ അനുവദിക്കുന്ന ദൈവത്തിന് സ്തുതി. വി.സഭയേയും സമൂഹത്തേയും സംബന്ധിച്ച് ഈ ഇടവകയിലെ യുവജനങ്ങളുടെ ശബ്ദമായി യുവദർശനം അതിന്റെ ധർമ്മം ഭംഗിയായി തുടരുന്നതിൽ അഭിമാനമുണ്ട്. ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ ശക്തിയാണ് യുവജനങ്ങൾ. മാറ്റങ്ങൾ സൃഷ്ടിക്കാനും പുതിയ ആശയങ്ങൾ സമൂഹത്തിലേക്ക് കൊണ്ടുവരാനും കഴിയുന്ന ശക്തി ഇന്നത്തെ യുവത്വത്തിനുണ്ട്. സാങ്കേതികവിദ്യയുടെ വളർച്ചയും പുതിയ ചിന്തകളുടെ വ്യാപനവും യുവാക്കൾക്ക് അനവധി അവസരങ്ങൾ തുറന്ന് കൊടുക്കുമ്പോൾ, അതിനൊപ്പം വലിയ ഉത്തരവാദിത്തങ്ങളും ഉയരുന്നുണ്ട്.

വിദ്യാഭ്യാസം ഇന്ന് പുസ്തകങ്ങളിലൊതുങ്ങുന്നില്ല. ജീവിതത്തെ മനസ്സിലാക്കാനും സമൂഹത്തോട് ശരിയായ രീതിയിൽ പ്രതികരിക്കുവാനും യുവത്വം പഠിച്ചുകൊണ്ടിരിക്കുകയാണ്. ഒരു നല്ല വാക്കിനും ചെറിയൊരു പ്രവർത്തിക്കും പോലും മറ്റൊരാളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുവാനും കഴിയും. അതുകൊണ്ടുതന്നെ സഹാനുഭൂതിയും ഉത്തരവാദിത്തബോധവും യുവത്വത്തിന്റെ പ്രധാന ഗുണങ്ങളാകണം.

ശാസ്ത്രം, കല, സാഹിത്യം, സാമൂഹിക പ്രവർത്തനം തുടങ്ങി എല്ലാ മേഖലകളിലും ഇന്ന് യുവാക്കൾ തങ്ങളുടെ സാന്നിധ്യം ശക്തമായി തെളിയിച്ചുകൊണ്ടിരിക്കുന്നു. അവരുടെ കഴിവുകളും ചിന്തകളും സമൂഹത്തിന്റെ വളർച്ചയ്ക്ക് വലിയ സംഭാവനകളാണ് നൽകുന്നത്.

പരാജയങ്ങൾ ജീവിതത്തിന്റെ അവസാനമല്ല; മറിച്ച് പുതിയ പാഠങ്ങളുടെയും അനുഭവങ്ങളുടെയും തുടക്കമാണ്. ആത്മവിശ്വാസവും അധ്വാനവും കൈവിടാതെ മുന്നോട്ട് പോകുന്നവരെ വിജയങ്ങൾ സ്വാഭാവികമായി പിന്തുടരും. വിജയത്തെക്കാൾ നല്ല മനുഷ്യനായി വളരുക എന്നതാണ് ഇന്നത്തെ തലമുറ കൂടുതൽ മനസ്സിലാക്കേണ്ടത്.

സ്വപ്നങ്ങൾ കാണുന്നവരായി മാത്രം നിൽക്കാതെ, സമൂഹത്തിന് പ്രചോദനമാകുന്ന മാറ്റങ്ങളുടെ സ്രഷ്ടാക്കളായി യുവത്വം വളരണം. നല്ല ചിന്തകളും നല്ല പ്രവർത്തികളും നിറഞ്ഞ ഒരു യുവതലമുറയാണ് നാളെയുടെ യഥാർത്ഥ പ്രതീക്ഷ. ആ പ്രതീക്ഷയെ കരുത്താക്കുക എന്നത് ഓരോ യുവാവിന്റെയും ഉത്തരവാദിത്തമാണ്.

**അലീന മേരി ബ്ലസൺ**
**ചീഫ് എഡിറ്റർ**




# പ്രാർത്ഥനയും ആത്മീയ വളർച്ചയും

## – നമ്മുടെ യുവജനങ്ങളുടെ ശക്തി



**ഫാ. ബിജു തോമസ് പറന്തൽ**
വികാരി

ഓരോ തലമുറയിലും ദൈവം യുവജനങ്ങളെ ലോകത്തിന് വെളിച്ചമായി ജീവിക്കുവാൻ വിളിച്ചുകൊണ്ടിരിക്കുന്നു. ഇന്ന് നമ്മുടെ സഭയിലെ യുവജന സംഘടനയുടെ പ്രവർത്തനങ്ങളും ആത്മീയ സമർപ്പണവും കാണുമ്പോൾ ഏറെ സന്തോഷവുംനന്ദിയുംതോന്നുന്നു.ഇന്നത്തെകാലഘട്ടത്തിൽനിരവധി പ്രലോഭനങ്ങളും ശ്രദ്ധതിരിച്ചുവിടലുകളും യുവജനങ്ങളെ ചുറ്റിപ്പറ്റിയിരിക്കുമ്പോഴും, വിശ്വാസത്തിൽ ഉറച്ചു നിന്നുകൊണ്ട് സഭയുടെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കുന്ന നമ്മുടെ യുവജനങ്ങൾ എല്ലാവർക്കും മാതൃകയാണ്.



പ്രാർത്ഥനയാണ് ആത്മീയ വളർച്ചയുടെ അടിസ്ഥാനം. വേരുകളില്ലാതെ ഒരു വൃക്ഷം നിലനിൽക്കാത്തതുപോലെ, ദൈവവുമായി ബന്ധമില്ലാതെ ഒരു ക്രിസ്തീയ ജീവിതവും വളരുകയില്ല. പ്രാർത്ഥന എന്നത് വെറും ആചാരമല്ല; അത് ദൈവത്തോടുള്ള ഹൃദയസംഭാഷണമാണ്. പ്രാർത്ഥനയിലൂടെ നമുക്ക് ശക്തിയും സമാധാനവും ദൈവികമാർഗ്ഗനിർദ്ദേശവും ലഭിക്കുന്നു. ദൈവത്തോട് കൂടുതൽ അടുക്കുമ്പോൾ നമ്മുടെ ജീവിതവും ക്രിസ്തുവിന്റെ സ്നേഹത്തെയും കരുണയെയും പ്രതിഫലിപ്പിക്കുന്നതാകുന്നു.


ആത്മീയ വളർച്ച ഒരു ദിവസത്തെ കാര്യമായല്ല; അത് ജീവിതമുഴുവൻ തുടരുന്ന ഒരു യാത്രയാണ്. ദൈവസ്നേഹത്തിലും സഹജീവികളോടുള്ള കരുണയിലും വിനയത്തിലും സേവന മനോഭാവത്തിലും ആത്മീയ വളർച്ച പ്രകടമാകുന്നു. ഇന്നത്തെ യുവജനങ്ങൾ നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ടെങ്കിലും, പ്രാർത്ഥന,വേദപുസ്തക വായന, ആരാധന,നോമ്പ്, ഉപവാസം, സേവനപ്രവർത്തനങ്ങൾ എന്നിവയിലൂടെ ദൈവസന്നിധിയിൽ വളരുവാൻ ശ്രമിക്കുന്നതിൽ വലിയ സന്തോഷമുണ്ട്.

നമ്മുടെ യുവജന സംഘടനയിലെ എല്ലാ അംഗങ്ങളെയും ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ് അനുമോദിക്കുന്നു. സഭയുടെ ആത്മീയ പ്രവർത്തനങ്ങളിൽ നിങ്ങൾ കാണിക്കുന്ന ഉത്സാഹവും ഉത്തരവാദിത്വവും സേവന മനോഭാവവും ഏറെ പ്രശംസനീയമാണ്. പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കുന്നതിലും, ആത്മീയ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിലും, ആവശ്യക്കാരെ സഹായിക്കുന്നതിലും, സഭയുടെ ഐക്യവും സ്നേഹവും നിലനിർത്തുന്നതിലും യുവജനപ്രസ്ഥാന അംഗങ്ങളുടെ പങ്ക് വളരെ വിലപ്പെട്ടതാണ്.

ദൈവവചനത്തിൽ ആഴപ്പെടുക, പരസ്പരം സ്നേഹത്തിലും ഐക്യത്തിലും നിലനിൽക്കുക, സഭയ്ക്കും സമൂഹത്തിനും വേണ്ടി ആത്മാർത്ഥമായി സേവിക്കുക, ദൈവം ഓരോരുത്തർക്കും മനോഹരമായ ഒരു ദൗത്യം നല്കിയിരിക്കുന്നു, ദൈവത്തിൽ ആശ്രയിക്കുന്നവർ ഒരിക്കലും നിരാശരാകുകയില്ല.

"യഹോവയിൽ പ്രത്യാശവെക്കുന്നവർ ശക്തി പ്രാപിക്കും" (യെശയ്യാവ് 40:31 ) എന്ന വചനത്തിന്റെ ആത്മാവോടെ നമുക്ക് മുന്നോട്ട് പോകാം.

ഇത്തരുണത്തിൽയുവജനപ്രസ്ഥാനത്തിന്റെപ്രവർത്തനങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന യുവദർശനത്തിന് ആശംസകൾ അറിയിക്കുന്നു .



# Susanna

Susanna is a common name found in the church for children, like Ruth and Esther but while searching for this name in the bible we didn't get much information about her because, "Susanna and the Elders" is likely an addition to the book of Daniel, but the story was included in the Septuagint (the Greek Old Testament) in the 2nd century B.C. Susanna embodies an ideal Jewish woman who follows the law and ethics. However, Susanna also resists evil leaders who try to victimize her. The early church used the Septuagint as their Bible, so Susanna would have inspired the women leaders of the church who also dealt with injustice.

## The Story

It goes like this: Susanna, beautiful and noble wife of Joakim, is lusted after by two Jewish elders, men who had been appointed as judges. They plot to trap her into consenting to get intimate with them, as she bathes in her private garden. If she refuses them, they will threaten to accuse her of being with a young man in the garden.

When the men attempt to carry out their scheme, she resists by screaming and refusing. When others investigate, the elders state they caught Susanna with a paramour. Without further evidence, the group gets ready to stone her. At this point, Daniel intervenes with prophetic knowledge of Susanna's innocence, and with a saving strategy.

He interviews each elder separately about where Susanna's suspected sin took place, and each man states it was under a different tree. When the group sees that they have been lied to by the elders, they punish the men in the same manner that Susanna would have suffered. Daniel, in the end, saves her as a true judge.

Daniel himself seems inspired by Susanna, so much so that he becomes willing to confront two community leaders. She is physically beautiful, but that's not what saves her. Susanna's strong devotion to God expressed in her poignant prayer assists Daniel in becoming a vehicle of salvation. We can view Susanna rightly when we see the strength of her love for God and of the truth of her own innocence. I believe Jesus would agree with this way of seeing Susanna, as he so often attributed a woman's salvation and healing to her own faith when he says, "Your faith has saved you." (Mark 5:34; Matt. 9:22; Luke 8:48). He could have pointed to Himself every time, but instead, He offered praise to the healed believer, whether male or female. May susanna's life inspire many more to devote their life for God.

**Fr. Ashly John Thomas**
**Asst. Vicar**







# കരുണയുടെ തുറമുഖത്തേക്കുള്ള മടക്കം:

**ഡീക്കൻ ബെനറ്റ് ബിജു പുതുപ്പറമ്പിൽതെക്കേതിൽ**

മനുഷ്യഹൃദയം പാപത്തിന്റെ നിശ്ശബ്ദ ഇരുളിൽ വഴിതെറ്റുമ്പോൾ, ദൈവത്തിന്റെ കരുണയെന്ന പ്രകാശത്തിലേക് വീണ്ടും നമ്മെ നയിക്കുന്ന അനുഭവമാണ് വിശുദ്ധ കുമ്പസാരം. ഇത് വാക്കുകളുടെ ഒരു കൂട്ടായ്മയല്ല മറിച്ച് കണ്ണുനീർകൊണ്ട് എഴുതുന്ന ഒരു പ്രാർത്ഥനയാണ്; ഇത് കുറ്റങ്ങളുടെ കണക്ക് പറയൽ അല്ല, ദൈവസ്നേഹത്തിലേക്ക് ഒഴുകിച്ചേരുന്ന ആത്മാവിന്റെ നിലവിളിയാണ്.

പശ്ചാത്താപം കുമ്പസാരത്തിന്റെ ഹൃദയമിടിപ്പാണ്, മുടിയനായ പുത്രൻ തന്റെ പിതാവിന്റെ ഭവനത്തെ ഓർത്തു മടങ്ങിവരുന്ന നിമിഷം. പാപം നമ്മുടെ ആത്മാവിൽ ഉണ്ടാക്കുന്ന മുറിവുകൾ, കുമ്പസാരത്തിന്റെ നിശ്ശബ്ദ സന്നിധിയിൽ സുഖം പ്രാപിക്കുന്നു. പ.പത്രോസ് ശ്ലീഹാ തന്റെ നിഷേധത്തിന്റെ രാത്രിയിൽ കരഞ്ഞു തകർന്നപ്പോഴും, കർത്താവിന്റെ സ്നേഹം അവനെ വീണ്ടും ഉയർത്തിയതുപോലെ, ഓരോ കുമ്പസാരവും നമ്മുടെ വീഴ്ചകളിൽ നിന്ന് ഉയിർപ്പിന്റെ ഒരു പ്രഭാതമാണ്.

സഭാപിതാക്കന്മാരുടെ വചനങ്ങൾ ഈ രഹസ്യത്തിന്റെ ആഴങ്ങളെ തെളിച്ചുനിറക്കുന്നു. സ്വർണ നാവുകാരനായ മാർ ഇവാനിയോസ് നമ്മെ ഓർമ്മപ്പെടുത്തുന്നു, മറച്ചുവെച്ച പാപം ഇരുളിൽ വളരുന്നു, തുറന്നുപറഞ്ഞ പാപം കരുണയുടെ പ്രകാശത്തിൽ ലയിക്കുന്നു. മാർ അപ്രേമിന്റെ ബോവുസോയിൽ നാം പ്രാർത്ഥിക്കുന്നതുപോലെ, "എന്റെ പാപങ്ങളെ കാണാനുള്ള കണ്ണും അവയെക്കുറിച്ച് കരയാനുള്ള ഹൃദയവും തരണമേ", എന്ന ദാഹമാണ് കുമ്പസാരത്തിന്റെ ആത്മാവ്.

കുമ്പസാരം നമ്മെ ക്ഷമയിലേക്ക് മാത്രമല്ല, സമാധാനത്തിലേക്കും നയിക്കുന്നു. പാപഭാരത്തിൽ മങ്ങിയ ആത്മാവ് ഇവിടെ വെളിച്ചം കണ്ടെത്തുന്നു; അശാന്തമായ ഹൃദയം ഇവിടെ നിശ്ചലതയെ കണ്ടെത്തുന്നു. വി.കുർബാന സ്വീകരിക്കുന്നതിന് മുമ്പായി, കുമ്പസാരം ആത്മാവിനെ ശുദ്ധമാക്കി ദൈവസന്നിധിയിൽ നിർത്തുന്നു, ഭൂമിയിൽ സ്വർഗ്ഗത്തിന്റെ ഒരു സ്പർശം പോലെ.

അതിനാൽ, വിശുദ്ധ കുമ്പസാരം ഒരു കർത്തവ്യമല്ല, ഒരു ക്ഷണമാണ് "**എന്നിലേക്കു മടങ്ങിവരിക**" എന്ന ദൈവത്തിന്റെ മൃദുസ്വരം. നാം നമ്മുടെ മുറിവുകളോടും കണ്ണുനീരുമൊത്ത് അവന്റെ അടുക്കൽ എത്തുമ്പോൾ, അവൻ നമ്മെ ശിക്ഷിക്കാൻ അല്ല, ചേർത്ത് പിടിക്കാൻ കാത്തിരിക്കുന്നു. കുമ്പസാരം അതുകൊണ്ട് തന്നെ, പാപത്തിൽ നിന്ന് വിശുദ്ധിയിലേക്കുള്ള, ഇരുളിൽ നിന്ന് പ്രകാശത്തിലേക്കുള്ള, മരണത്തിൽ നിന്ന് ജീവത്തിലേക്കുള്ള ഒരു പരിശുദ്ധ യാത്രയാണ്.




# "പൂക്കി ബ്രോ" -കളുടെ കാലം.. മാറുന്ന ലോകം



**റിബിൻ രാജു**
പാറയിൽ പടിഞ്ഞാറ്റേതിൽ

വളരെ പണ്ട്..
***"എടിയേ.. ആ തോർത്തിങ്ങെടുത്തേ.."***
കാലം മാറിയപ്പോൾ ..
***"ദേ.. ആ തോർത്തിങ്ങെടുത്തേ.."***



മിക്കവീടുകളിലും മാതാപിതാക്കൾ തമ്മിൽ നടന്നിരുന്ന ആശയവിനിമയത്തിലെ പ്രധാന വാക്കുകളിലൊന്നായിരുന്നു "എടിയേ, അതിയാൻ, ദേ .." തുടങ്ങിയവ... കാലം ഡിജിറ്റൽ യുഗത്തിലേക്ക് മാറിയതോടെ സംസാരവും ഡിജിറ്റലായി. ബാത്ത്റൂമിൽപ്പോലും ഫോണുമായി ഇരിപ്പുറപ്പിക്കുന്ന തലമുറ. ആഗോള ഡിജിറ്റൽ സംസ്കാരത്തെ ഏറ്റവും വേഗത്തിൽ ഏറ്റെടുക്കുന്ന ഒരു യുവതലമുറയാണ് ഇന്നത്തേത്. 80's, 90's കിഡ്സ് തലമുറയെ കടത്തിവെട്ടുന്ന പൂക്കികളുടെ കാലം. "ബ്രോ" എന്ന ഒറ്റ വിളിയിലൂടെ ആശയവിനിമയത്തിന്റെ ഔപചാരികതയ്ക്ക് അവർ അവസാനം കുറിച്ചിരിക്കുന്നു. പ്രായത്തിന്റെ അതിർവരുമ്പുകളെ അവർ ഭേദിക്കുന്നു.

## "പൂക്കി" മുതൽ "സ്ലേ" വരെ:

### പുതുതലമുറയുടെ ഭാഷയും സംസാരശൈലിയും

"പൂക്കി", "സ്ലേ", "ക്രിഞ്ച്", "ഡെലുലു", "സിഗ്മ", "ഓറ", "ബ്രോ", "ലിറ്ററലി" , ഇങ്ങനെ സോഷ്യൽ മീഡിയയിൽ ജനിച്ചും വളർന്നും വരുന്ന നിരവധി പദങ്ങൾ ഇന്ന് യുവജനങ്ങളുടെ ദൈനംദിന സംഭാഷണത്തിന്റെ ഭാഗമായിക്കഴിഞ്ഞു. ഭാഷ എന്നും മാറിക്കൊണ്ടിരിക്കുന്ന ജീവനുള്ള സാംസ്കാരിക സംവിധാനമാണെങ്കിലും, ഡിജിറ്റൽ കാലഘട്ടത്തിലെ ഈ മാറ്റം അതിവേഗവും അതിശയകരവുമാണ്.

## "പൂക്കി"



"പൂക്കി" (*Pookie*) എന്നത് ഇംഗ്ലീഷ് ഇന്റർനെറ്റ് സംസ്കാരത്തിൽ നിന്നുള്ള ഒരു സ്നേഹപദമാണ്. പ്രിയപ്പെട്ടവരെ തമാശയായോ അതിയായ അടുപ്പത്തോടെയോ വിളിക്കാൻ ഉപയോഗിക്കുന്ന ഒരു വാക്ക്. "കുഞ്ഞേ", "ചക്കരേ", "മുത്തേ" എന്ന മലയാള പദങ്ങളോട് സാമ്യമുള്ള ഒരു വികാരഭാവമാണ് ഇതിന്. സോഷ്യൽ മീഡിയ മീമുകളിലും റീലുകളിലും പ്രണയബന്ധങ്ങളിലുമാണ് ഇത് കൂടുതലായി ഉപയോഗിക്കപ്പെടുന്നത്. അടുത്തിടെ നമ്മുടെ പുതിയ മുഖ്യമന്ത്രി ശ്രീ.വി.ഡി സതീശന്റെ ഒരു എക്സ്പ്രഷൻ വൈറലായതും ഇതിനോട് ചേർത്ത് വായിക്കാം. പൂക്കി സി.എം ( ചീഫ് മിനിസ്റ്റർ ) എന്ന് ടാഗ് ലൈനിലാണ് പിള്ളേർ സോഷ്യൽ മീഡിയയിൽ അത് ആഘോഷമാക്കിയത്. ഇന്നത്തെ യുവത ഒരു പദം ഉപയോഗിക്കുന്നത് അതിന്റെ ശബ്ദഭംഗിയും "ട്രെൻഡ് വാല്യുവും" കൂടി നോക്കിയാണ്. വിളിക്കുമ്പോൾ "വൈബ്" കിട്ടണം എന്ന് സാരം.

## അളിയാ ടു ബ്രോ

"അളിയാ.." അളിയൻ എന്നത് സഹോദരിയുടെ ഭർത്താവിനെ വിളിക്കുന്ന പേരാണെങ്കിലും പഴയ തലമുറയുടെ സൗഹൃദത്തിന്റെ അവസാനവാക്കാണ് ആ വിളി. അളിയാ എന്ന വിളിയിൽ സ്നേഹം പൂത്തുലയും. അളിയനെ മലർത്തിയടിച്ചാണ് ന്യൂജെൻസ് "ബ്രോ" യെ അവതരിപ്പിച്ചത്. ബ്രദർ ( സഹോദരൻ) എന്ന വാക്കിനെ ചുരുക്കി "ബ്രോ" ആക്കിയെങ്കിലും ആ വിളിയിലെ സ്നേഹം ചുരുങ്ങിയില്ല.

## പുതുതലമുറയുടെ ഭാഷ:

### ഒരു ഡിജിറ്റൽ വിപ്ലവം

മുൻകാലങ്ങളിൽ ഭാഷയുടെ മാറ്റങ്ങൾ സാവധാനത്തിലായിരുന്നു. സിനിമയിലൂടെയും പുസ്തകങ്ങളിലൂടെയുമുള്ള ഭാഷാ സഞ്ചാരം. ഗ്രാമം, കുടുംബം, വിദ്യാഭ്യാസം എന്നിവയായിരുന്നു ഭാഷയുടെ പ്രധാന സ്വാധീനങ്ങൾ. എന്നാൽ ഇന്ന് ഇൻസ്റ്റാഗ്രാം, ടിക്ടോക്, യൂട്യൂബ് ഷോർട്സ്, ഗെയിമിംഗ് കമ്മ്യൂണിറ്റികൾ, മീം പേജുകൾ എന്നിവയാണ് ഭാഷയുടെ പുതിയ സർവകലാശാലകൾ. ഒരു അമേരിക്കൻ മീം പേജിൽ ജനിച്ച വാക്ക് ഏതാനും ദിവസങ്ങൾക്കുള്ളിൽ കേരളത്തിലെ ഒരു കോളജ് കാന്റീനിൽ കേൾക്കാം. അതാണ് ആഗോള ഡിജിറ്റൽ സംസ്കാരത്തിന്റെ ശക്തി.

പുതുതലമുറ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്ന ചില പദങ്ങൾ

**CRINGE -** അസ്വാഭാവികമോ ലജ്ജാജനകമോ ആയ കാര്യം

**SLAY -** വളരെ മികച്ച രീതിയിൽ എന്തെങ്കിലും ചെയ്യുക

**DELELU -** Delusional എന്ന പദത്തിന്റെ ചുരുക്കം; യാഥാർത്ഥ്യബോധമില്ലാത്ത സ്വപ്നലോക ചിന്ത.

**SIGMA -** സ്വതന്ത്രവും ആത്മവിശ്വാസമുള്ള വ്യക്തി എന്ന ഇമേജ്

**AURA -** വ്യക്തിത്വത്തിന്റെ ആകർഷണം

**BRO / BRUH -** സുഹൃത്തിനെ വിളിക്കുന്ന അനൗപചാരിക രീതി

**VIBE -** ഒരു വ്യക്തിയുടെയോ സാഹചര്യത്തിന്റെയോ വികാരാത്മക അന്തരീക്ഷം

# ഭാഷയുടെ ചുരുക്കപ്പാത

പുതുതലമുറയുടെ സംസാരത്തിൽ ഒരു പ്രധാന സവിശേഷതയാണ് "ചുരുക്കം". അവർ ദൈർഘ്യമേറിയ വാചകങ്ങൾ ഒഴിവാക്കുന്നു.

**"എനിക്ക് അതിഷ്ടപ്പെട്ടു"** - "Nice vibe"

**"അത് വളരെ മോശമായിരുന്നു"** - "So cringe"

**"ഞാൻ അത്ഭുതപ്പെട്ടു"** - "Brooo!"

ഭാഷ ഇവിടെ വിവരവിനിമയത്തിന് മാത്രം വേണ്ടിയല്ല; വികാരത്തിന്റെ വേഗതയ്ക്കാണ്. ഇമോജികളും ഗിഫുകളും പോലും ഇപ്പോൾ ഭാഷയുടെ ഭാഗമായിരിക്കുന്നു.

മലയാളവും ഇംഗ്ലീഷും ചേർന്ന പുതിയ ഭാഷ ഇന്നത്തെ യുവജനങ്ങൾ സംസാരിക്കുന്നത് പലപ്പോഴും "മംഗ്ലീഷ്" ആണ്.



**" SCENE ILLA "**

**" AVAN FULL VIBE AANU "**

**" NEE OVER CRINGE AAKALLE "**

**" ATHORU SLAY ENTRY AYIRUNNU "**

ഇത് ചിലർ ഭാഷയുടെ തകർച്ചയായി കാണുമ്പോൾ, ചിലർ അതിനെ പുതിയ കാലത്തിന്റെ സ്വാഭാവിക ഭാഷാ പരിണാമമായി കാണുന്നു. ഭാഷ എന്നും സംസ്കാരത്തിന്റെ കണ്ണാടിയാണ്.ഇന്നത്തെ യുവജനങ്ങളുടെ ജീവിതം പോലെ തന്നെ അവരുടെ ഭാഷയും ഗ്ലോബലും വേഗതയേറിയതുമാണ്.

## എന്തുകൊണ്ടാണ് ഈ മാറ്റം?

**1. സോഷ്യൽ മീഡിയയുടെ സ്വാധീനം**

റീലുകളും മീമുകളും ഭാഷയെ അതിവേഗത്തിൽ പ്രചരിപ്പിക്കുന്നു.

**2. ആഗോള സംസ്കാര ബന്ധം**

കേരളത്തിലെ ഒരു വിദ്യാർത്ഥിക്ക് ഇന്ന് അമേരിക്കൻ പോപ് സംസ്കാരവും കൊറിയൻ സംഗീതലോകവും ഒരുപോലെ പരിചിതമാണ്.

**3. വ്യക്തിത്വ പ്രകടനം**

പുതിയ പദങ്ങൾ ഉപയോഗിക്കുന്നത് "ഞാൻ ഈ തലമുറയുടെ ഭാഗമാണ്" എന്ന തിരിച്ചറിയലായി മാറുന്നു.

**4. വേഗതയേറിയ ആശയവിനിമയം**

ചുരുങ്ങിയ വാക്കുകളിൽ കൂടുതൽ വികാരങ്ങൾ പ്രകടിപ്പിക്കാൻ യുവാക്കൾ ശ്രമിക്കുന്നു.

## തലമുറകൾ തമ്മിലുള്ള ഭാഷാ ദൂരം


മുതിർന്ന തലമുറയ്ക്ക് പുതുതലമുറയുടെ ഭാഷ ചിലപ്പോൾ അസ്വാഭാവികമായി തോന്നാം. അതേസമയം യുവജനങ്ങൾക്ക് പഴയ ഭാഷ ഔപചാരികവും "ഓൾഡ് സ്കൂൾ" ആയും തോന്നാം. എന്നാൽ ഇത് ഒരു സംഘർഷമല്ല; ഭാഷയുടെ സ്വാഭാവിക പരിണാമമാണ്.

ഒരു കാലത്ത് "ഓക്കേ" "സോറി" "ടെൻഷൻ" പോലുള്ള ഇംഗ്ലീഷ് പദങ്ങളും അന്യമായിരുന്നു. ഇന്ന് അവ സാധാരണ മലയാളത്തിന്റെ ഭാഗമാണ്. അതുപോലെ "വൈബ്" "ക്രിഞ്ച്" "പൂക്കി" പോലുള്ള പദങ്ങളും കാലക്രമേണ ഭാഷയിൽ സ്ഥാനം കണ്ടെത്താൻ ഇടയുണ്ട്.

## ഭാഷ മാറുമ്പോൾ സമൂഹവും മാറുന്നു

പുതുതലമുറയുടെ സംസാരശൈലി വെറും തമാശയോ ട്രെൻഡോ മാത്രമല്ല; അത് അവരുടെ ജീവിതരീതിയുടെ പ്രതിഫലനമാണ്. വേഗത, സ്വാതന്ത്ര്യം, ആഗോള ബന്ധം, ഡിജിറ്റൽ ജീവിതം, വ്യക്തിപരമായ വികാരപ്രകടനം ഇവയെല്ലാം അവരുടെ ഭാഷയിൽ പ്രത്യക്ഷപ്പെടുന്നു.

ഭാഷയുടെ സൗന്ദര്യം അതിന്റെ മാറ്റങ്ങളിലാണ്. പുതിയ തലമുറയുടെ പദങ്ങൾ നമ്മെ ചിലപ്പോൾ ആശയക്കുഴപ്പത്തിലാക്കാമെങ്കിലും, അവ ഒരു പുതിയ സംസ്കാരത്തിന്റെ ശബ്ദങ്ങളാണ്. "പൂക്കി" എന്നൊരു ചെറിയ വാക്കിനുപിന്നിലും കാലത്തിന്റെ ഡിജിറ്റൽ ഹൃദയമിടിപ്പ് ഒളിഞ്ഞിരിക്കുന്നു.



# BLESSED ARE THE PEACE MAKERS



**Kunjoomman Mathew**
**Karimarathinal**

St. Mathew illustrate the list of blessings as "wonderful news" in Chapter 5 Verses 1-11 which are often known as "beatitudes", the word came from Latin root "beatus" means blessed. In our world ,still, most people think that wonderful news consists of success, wealth, long life, victory in battle etc. Jesus Christ is offering wonderful news for the humble, the poor, the mourners and for the peacemakers.

Now we are living in a world of unhappiness and uncertainties. Over 600 million people of this world are seeking peace in one way or other. Some nations are in war with neighboring countries some other have severe internal conflicts. Some other nations experience communal and racial conflicts. A few other have the wide gap between rich and the poor, which is a source for unrest in many way. Materially prosperous people have spiritual poverty. Spiritually rich people have material poverty. More over economic imbalances, war, terrorism, calamities Lack of faith in God etc.are becoming the cause of conflicts. After the thundering and shocking events of war and calamities in Europe and middle east due to irresponsible decisions taken by the super powers of the world, the picture of the world has become more gloomy and dark. It is very relevant to think about How can we attain peace and sustain it in the midst of all these perils and tribulations?

Various religious leaders, politicians and rulers may have their own answers to this crucial question. However, I am not confident in their utterances. In my limited understanding and knowledge, I can point out only one person who can bestow peace on earth and to all humanity. His coming to the earth was announced with great promise of Shalom, the Hebrew word for peace in its full meaning is Peace with God, fellow beings, the nature and to ones own self. The Angel proclaimed hail Mary, full of grace peace be with you (St, luke 1:28). When he was born in the mender, angels appeared to the shepered, and sang the beautiful hymn of peace " Glory to God in the highest, and on earth peace to men on whom his favour rests" St. Luke 2:14. To know who this person is? He is none other than our Lord and saviour Jesus Christ. His mission through out his short span of life in this earth was to give peace to the weary and tired. He taught his deciples to be the messengers of peace. In the great beatitude He said "blessed are the peace makers for they will be called the sons of God" St. Mathew Ch. 5 Ver. 9

When we come to the New Testament peace is the Grace of God, righteousness, Mercy, Joy and love. According to St. Paul, Peace, Joy and Love are the fruits of the Holy spirit (Gal. 5:22). St. John writes in his Gospel Chapter 14 verse 27 which reads as follows "Peace I leave with you, my peace I give you, not as the world gives to you. Do not let your hearts be troubled and do not be afraid". Christ has given the clear indication that material things can not provide peace to any one. Only God can give it. Here lies the great mistake of humanity, we all think that if we get everything that we desire such as money, power, family, good job, good husband or wife, big car, luxurious villas etc. we will have peace. But it is wrong, even if we get every thing with out God it will not provide peace. When we experience the presence of God through our disciplined spiritual life such as prayer, bible reading, attending in worships, engaging in spiritual activities and by helping the poor and needy, we have the peace and we can become the messengers of peace and sons of God. Being the youth and the back bone of the Church, all the members of the Youth movement and the MGOCSM have the resposibility to strengthen our community in unity which leads to a peaceful co existance of all in our society. Certainly in a world were moral choices are fairly ambiguous, we find it confusing to know what is right or wrong. The Church has extended a great service to the younger generation to instill in young a sense of spiritual christian values which are the main outcome of our sprituality.

The Church should always be the harbour of peace for every person, and the voice of truth and the anchor of hope for all humanity. The famous thinker and the writer Herbert Hooves said " peace is not made at council tables or treaties, but in the hearts of men". Let our hearts be filled with Christ's peace and we may be able to transmit it to our fellow beings.

# പത്തുപേർ ശുദ്ധരായില്ലേ? ഒമ്പതുപേർ എവിടെ?



പ്രൊഫ. ഡോ. രാജീവ് രാജൻ
പാറക്കാട്ടു ഹൗസ്

സമവീക്ഷണ സുവേശേഷങ്ങളിൽ (Synoptic Gospels) ലൂക്കോസിന്റെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണല്ലോ പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നത്. ലൂക്കോസിന്റെ സുവിശേഷത്തിൽ 17-ാം അദ്ധ്യായം 11 മുതൽ 19 വരെയുള്ള വാക്യങ്ങളിൽ ഇത് സവിസ്തരം പ്രതിബാധിച്ചിരിക്കുന്നു. യേശു യെരുശലേമിലേക്കുള്ള യാത്രമദ്ധ്യേ ശമര്യായ്ക്കും ഗലീലയ്ക്കും ഇടയിൽ കൂടി കടന്നുപോകുമ്പോൾ കുഷ്ഠരോഗികളായ പത്തുപുരുഷൻമാർ അവനെ സമീപിച്ച് കരുണയ്ക്കുവേണ്ടി അപേക്ഷിക്കുന്നു. യേശു അവരെ സൗഖ്യമാക്കുന്നു. എന്നാൽ അന്യജാതിക്കാരനായ ഒരുവൻ മാത്രം തിരികെ വന്ന് യേശുവിന്റെ കാൽക്കൽ വീണ് നന്ദിപ്രകാശിപ്പിക്കുന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അന്യജാതിക്കാരന്റെ വിശ്വാസവും, കൃതജ്ഞതയും ഊന്നിപ്പറയുന്നതിനു വേണ്ടിയാണ് സുവിശേഷ ഗ്രന്ഥകാരൻ ഈ സംഭവം ഉൾക്കൊള്ളിച്ചിരിക്കുന്നതെന്ന് അനുമാനിക്കാം.

ഇന്ന് കുഷ്ഠരോഗം ഏതാണ്ട് നിയന്ത്രണവിധേയമായ ഒരസുഖമായിട്ടാണ് ലോകം വിലയിരുത്തുന്നത്. എന്നാൽ ഒരു കാലഘട്ടത്തിൽ വളരെ ഭീകരമായ ഒരവസ്ഥയായിരുന്നു കുഷ്ഠരോഗികളുടേതെന്ന് നമുക്കറിയാം. പഴയനിയമകാലത്ത് പാളയത്തിന് പുറത്തായിരുന്നു അവരുടെ വാസസ്ഥലം. ലേവ്യ 14.3 -ൽ പുരോഹിതൻ അവരെ സന്ദർശിക്കുന്നതായിട്ട് കാണാം. ശസ്ത്രക്രിയകൾ ആദ്യകാല ഇസ്രായേല്യർ നടത്തിയിരുന്നില്ലെങ്കിലും, പകർച്ചവ്യാധികളെക്കുറിച്ച് അവർക്ക് ചില കാര്യങ്ങൾ മനസ്സിലായിരുന്നു, രോഗനിർണയം സ്ഥിരീകരിക്കുന്നതുവരെ കുഷ്ഠരോഗികളാണെന്ന് സംശയിക്കപ്പെടുന്നവരെ ഒറ്റപ്പെടുത്തി താമസിപ്പിച്ചിരുന്നു. എന്നാൽ കുഷ്ഠരോഗികളോടുള്ള വെറുപ്പ് ഒരു രോഗത്തോടുള്ള ഭയം മാത്രമായിരുന്നില്ല. കുഷ്ഠരോഗം ഒരു വ്യക്തിയെ ആചാരപരമായി അശുദ്ധനാക്കി. ഒരു കുഷ്ഠരോഗിയെ തൊടുന്നത് ഒരു മരിച്ച വ്യക്തിയെ തൊടുന്നതുപോലെ ഒരു യഹൂദനെ അശുദ്ധമാക്കുന്നു. ഒരർത്ഥത്തിൽ, കുഷ്ഠരോഗി ദൈവത്തിന്റെ അപ്രീതിയുടെ അടയാളമായിരുന്നു.

പിൽക്കാല യഹൂദ ആചാരപ്രകാരം, കുഷ്ഠരോഗികൾക്ക് സിനഗോഗിൽ പോകാമെങ്കിലും, അവർ ആദ്യം പ്രവേശിക്കുകയും അവസാനം പോകുകയും ചെയ്യണമെന്നും, മറ്റ് ആരാധകരിൽ നിന്ന് അവരെ ഒറ്റപ്പെടുത്താൻ ഒരു പ്രത്യേക അറയിൽതാമസിക്കണമെന്നുംനിർദ്ദേശിച്ചു. ഒരുകുഷ്ഠരോഗിയിൽ നിന്ന് കുറഞ്ഞത് നാല് മുഴം (ആറ് അടി) അകലം പാലിക്കണം എന്നതായിരുന്നു അവിടുത്തെ നിയമം. കുഷ്ഠരോഗികളുടെ ശുദ്ധീകരണം സാക്ഷ്യപ്പെടുത്തുന്നത് പുരോഹിതൻ ആയിരുന്നു. കർത്താവിനെ കണ്ടുമുട്ടുന്ന കുഷ്ഠരോഗികൾ അകലെ നിന്നും യേശുനായകാ ഞങ്ങളോട് കരുണയുണ്ടാകണമെ എന്ന് നിലവിളിക്കുന്നു, കർത്താവിന്റെ രക്ഷണ്യ പ്രവർത്തനത്തെക്കുറിച്ച് ഇവർ കേട്ടിട്ടുണ്ടാകാം. അവനിൽ അവർക്ക് പൂർണ്ണ വിശ്വാസമുണ്ടായിരുന്നു. യജമാനൻ (master) എന്ന അർത്ഥത്തിലുള്ള 'epistate' എന്ന ഗ്രീക്കുപദമാണ് ഉപയോഗിച്ചിട്ടുള്ളത്. വളരെ പ്രത്യാശയോടെ, വിശ്വാസത്തോടെ അവർ ദൈവത്തെ സമീപിക്കുന്നു

ഇനിയും യേശുവിന്റെ പ്രതികരണം എന്താണെന്നു നമുക്കു നോക്കാം. നിങ്ങൾ പോയി പുരോഹിതൻമാർക്ക് നിങ്ങളെത്തന്നെ കാണിക്കുവീൻ എന്ന് പറഞ്ഞു (ലൂക്കോസ് 17:14). ഒരു പക്ഷേ എന്തിനാണ് യേശു ഇങ്ങനെ പറഞ്ഞത് എന്ന് നമുക്ക് സംശയം തോന്നാമില്ലേ, അതിനുത്തരം നൽകുന്നത് നേരത്തേ സൂചിപ്പിച്ച മോശൈകനിയമങ്ങൾ തന്നെയാണ് ലേവ്യ-13,14 അദ്ധ്യായങ്ങളിൽ ഇത് വിവരിച്ചിരിക്കുന്നു. കുഷ്ഠരോഗിയുടെ കുഷ്ഠം സൗഖ്യപ്പെട്ടാൽ അവൻറെ ശുദ്ധീകരണം സാക്ഷിക്കുന്നത് പുരോഹിതനാണ്. പുരോഹിതൻ പാളയത്തിനുപുറത്ത് ചെന്ന് കുഷ്ഠ രോഗി സുഖമായെന്നു കണ്ടാൽ അവനെക്കൂട്ടി സമാഗമനക്കുടാരത്തിലേക്ക് വന്ന് ചില വഴിപാടുകൾ കഴിക്കേണ്ടതിനെക്കുറിച്ച് ലേവ്യ 14:2-10 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിട്ടുണ്ട്. അപ്പോൾ പുരോഹിതന്റെ സമീപത്തേക്ക് പോകേണ്ടവർ കുഷ്ഠരോഗം മാറിയവരാണ് എന്നാൽ യേശു അവരോട് പറയുന്നത് നിങ്ങൾ പോയി പുരോഹിതൻമാർക്ക് നിങ്ങളെത്തന്നെ കാണിക്കുവിൻ കുഷ്ഠരോഗികൾക്ക് ഉറപ്പുണ്ടായിരുന്നു അവരുടെ യാത്രയിൽ തന്നെ അവർ സൗഖ്യമാകുമെന്ന് അല്ലെങ്കിൽ അവർ പുരോഹിതന്റെ സമീപത്തേക്ക് യാത്ര തിരിക്കില്ലായിരുന്നു ഇവിടെയാണ് പൗലോസിന്റെ വാക്കുകൾ അന്വർത്ഥമാകുന്നത്. കർത്താവാകട്ടെ മോശൈക നിയമങ്ങളെ ധിക്കരിക്കുന്നുമില്ല. അങ്ങനെ യാത്രയിൽ സൗഖ്യമായെങ്കിലും ഒരാൾ മാത്രമാണ് യേശുനാഥന്റെ അടുക്കലേക്ക് വരുന്നത്. അവൻ കർത്താവിന്റെ കാൽക്കൽ വീണ് നന്ദിപ്രകാശിപ്പിക്കുന്നു.

അവനോ ശമര്യക്കാരനായിരുന്നു (ലൂക്കോസ്. 17:16)

യഹൂദൻ ചെയ്യാത്തത് ശമര്യക്കാരൻ ചെയ്തിരിക്കുന്നു. ശമര്യക്കാരനും യഹൂദനും തമ്മിലുള്ള എല്ലാ ബന്ധവും വിച്ഛേദിച്ച

സമയത്താണ് ഈ നന്ദിപ്രകാശനം. എന്താണ് ശമര്യക്കാരന് യഹൂദൻമാർ ഭ്രഷ്ട് കൽപിക്കാൻ കാരണം.? അതിന് അല്പം ചരിത്രപശ്ചാത്തലം നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ശൗൽ, ദാവീദ്, ശലോമോൻ, തുടങ്ങിയ യിസ്രായേൽ രാജാക്കന്മാരുടെ കാലം വരേയും യിസ്രായേൽ ഐക്യത്തോടെയുള്ള ഒരു രാജ്യമായിരുന്നു എന്നാൽ ശലോമോന്റെ മകൻ രെഹബയാം ജനങ്ങളെ പീഡിപ്പിക്കുന്ന പ്രവർത്തനരീതിയായിരുന്നു അവലംബിച്ചത്. രാജാവാകുവാനുള്ള അദ്ദേഹത്തിന്റെ ശ്രമത്തെ വടക്കെ യിസ്രായേലിലെ 10 ട്രൈബുകൾ നിരസിക്കുകയും അതിനെത്തുടർന്ന് അവർ ജെറബയാമിന്റെ പിന്നിൽ അണിനിരന്ന്, 'ശമര്യ' തലസ്ഥാനമാക്കി നിലകൊണ്ടു. അവശേഷിക്കുന്ന യൂദാ വിഭാഗം രഹബയാമിന്റെ അധീനതയിൽ തുടരുവാൻ തീരുമാനിച്ചു. വടക്കേയിസ്രായേൽ 200 -ൽ പരം വർഷങ്ങളാൽ ജെറബയാമിന്റെ തലമുറകളാൽ ഭരണം നടന്നെങ്കിലും വിഗ്രഹാരാധനയിൽ കൂടി ദൈവത്തിൽ നിന്ന് അകന്ന് പൊയ്ക്കൊണ്ടിരുന്നു. ബി.സി. 724-722 കാലഘട്ടത്തിൽ അസീരിയ രാജാവായിരുന്ന ഷൽമനാസർ വടക്കേ ഇസ്രയേൽ ആക്രമിച്ചു. അങ്ങനെ അവർ പരാജിതരായി അസീറിയൻ രാജാധിപത്യത്തിന് അടിമയാക്കുന്നു. അസീറിയൻ രാജാവ് ബാബിലോൺ, അക്ക, തുടങ്ങിയ ഭൂപ്രദേശങ്ങളിൽ നിന്ന് ജനവിഭാഗങ്ങളെ അവിടേക്ക് കൊണ്ടുവന്ന് അവിടെ താമസിപ്പിച്ചു. അങ്ങനെ ഒരു മിശ്രിത സംസ്കാരം വടക്കേ ഇസ്രയേലിൽ നിലവിൽ വന്നു ശമര്യയിലെ പുതുതലമുറകളെ യഹൂദന്മാരായി കാണുവാൻ യഹൂദ്യയിലെ ജനങ്ങൾ സമ്മതിച്ചില്ല. പിന്നീട് ബാബിലോണിലെ ആക്രമത്തിനുശേഷം യഹൂദന്മാർ യഹൂദ്യയിലേക്ക് തിരിച്ച് വന്ന് ദൈവാലയ പുനരുദ്ധീകരണ പ്രവർത്തനം നടത്തിയെങ്കിലും ശമര്യക്കാരെ അതിൽ പങ്കെടുപ്പിച്ചില്ല. എന്നാൽ യഹൂദ പുരോഹിതന്റെ സഹോദരനായിരുന്ന മനശ്ശെ ശമര്യക്കാരിയെ വിവാഹം കഴിച്ചതോടുകൂടി പ്രശ്നങ്ങൾ ഉടലെടുത്തു. വിവാഹമോചനത്തിനായി യഹൂദന്മാർ മുറവിളികൂട്ടിയെങ്കിലും മനശ്ശെ തന്റെ അമ്മായിപ്പന്റെ ക്ഷണ പ്രകാരം പുരോഹിതന്മാരുടെ നേതൃത്വത്തിൽ ശമര്യായിൽ കടന്നുചെന്നു. അവിടുത്തുകാർക്കുവേണ്ടി ദൈവാലയം പണിതു യഹോവയ്ക്ക് ആരാധന ചെയ്ത് പോന്നു. അങ്ങനെ ശമര്യക്കാർ യഹൂദന്മാർക്ക് വിലക്കപ്പെട്ട ജനവിഭാഗമായി മാറി. കർത്താവിന്റെ കാലത്ത് ശമര്യക്കാരോടുള്ള പെരുമാറ്റ രീതിയെക്കുറിച്ച് സുവിശേഷത്തിൽ ചില തെളിവുകൾ നമുക്ക് കാണാം.

യോഹന്നാൻ (4:9) ശമര്യസ്ത്രീ അവനോട് നീ യഹൂദൻ ആയിരിക്കെ ശമര്യക്കാരത്തിയായ എന്നോട് കുടിപ്പാൻ ചോദിക്കുന്നത് എങ്ങനെ? എന്നു പറഞ്ഞു. യെഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ സമ്പർക്കമില്ല യോഹന്നാൻ(8:48) യഹൂദന്മാർ അവനോട് നീ ഒരു ശമര്യൻ, നിനക്ക് ഭൂതം ഉണ്ട് എന്ന് ഞങ്ങൾ പറയുന്നത് ശരിയല്ലയോ എന്നു പറഞ്ഞു. ഇവിടെയെല്ലാം ഒരു നിഷേധാൽമകസമീപനമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതായത് ശുദ്ധരക്തമുള്ള യഹൂദനേക്കാൾ നന്ദിപറയുവാനായി കടന്നുവന്നത് അന്യജാതിക്കാരനെന്ന് അവർ കരുതുന്ന ശമര്യക്കാരനായ കുഷ്ഠരോഗിയാണ്. അവന്റെ കൃതജ്ഞതാ സമർപ്പണത്തിന്റെ വില എന്തുമാത്രമാണ്.


പത്തുപേർ ശുദ്ധരായില്ലേ ഒമ്പതുപേർ എവിടെ? യേശുവിന്റെ ഈ ചോദ്യം വളരെ ഉള്ളിൽ തട്ടിയുള്ളതായിരുന്നു. അന്യജാതിക്കാരനായ അവന്റെ വിശ്വാസം കണ്ടിട്ട് അവന് രക്ഷയുടെ അനുഭവം കർത്താവ് നൽകുന്നു. കർത്താവിന്റെ ദാനമാണ് രക്ഷ. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് അതിനും നിങ്ങൾ കാരണമല്ല, ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. (എഫേസ്യർ 2:8) . കേറി ടെൻബും പറഞ്ഞത് ഇപ്രകാരമാണ് I grumbled that I had no shoes until I saw someone with no feet ( പാദമില്ലാത്ത ഒരാളെ കാണുന്നതുവരെ എനിക്ക് ഷൂസില്ല എന്ന് ഞാൻ പരാതിപ്പെട്ടുകൊണ്ടിരുന്നു.)

റഷ്യൻ സാഹിത്യത്തിലെ ഹാസ്യാത്മകമായ ഒരു കഥ സൂചിപ്പിച്ചു കൊള്ളട്ടെ.

ദൈവം ഒരു വിരുന്നു സൽക്കാരം നടത്താൻ തീരുമാനിച്ചു. ക്ഷണിതാക്കൾ ആരെന്നോ... പുണ്യങ്ങൾ, ക്ഷണം ലഭിച്ച പുണ്യങ്ങൾ ഓരോന്നായി വന്നു തുടങ്ങി. സത്യം, നീതി, വിനയം, ദയ, ഉത്സാഹം, ത്യാഗം, സ്നേഹം, തുടങ്ങിയ എല്ലാ പുണ്യങ്ങളും എത്തി അവർ പരസ്പരം അഭിനന്ദിച്ചു, സംസാരിച്ചു, ഉല്ലാസ പ്രദമായി സമയം പോക്കി.

ഈയവസരത്തിൽ ദൈവം കടന്നുവന്നു. പുണ്യങ്ങൾ തമ്മിൽ ചങ്ങാത്തം പുലർത്തുന്നതും സൗഹൃദം പുതുക്കുന്നതും കണ്ട് അത്യധികം സന്തോഷിച്ചു. അപ്പോൾ രണ്ടു പേർ അപരിചിതരെപ്പോലെ മുഖത്തോട് മുഖം നോക്കി നിൽക്കുന്നത് ദൈവത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അവർ തമ്മിൽ ഒന്നും സംസാരിക്കുന്നില്ല. എന്താണ് പറയേണ്ടത് എന്നറിയാതെ അവർ പരസ്പരം തുറിച്ചുനോക്കി നിൽക്കുകയാണ്. ദൈവം അവരുടെ അടുക്കലേക്ക് ചെന്നു, അവർ ഔദാര്യവും കൃതജ്ഞതയുമായരുന്നു. അവരെ പരസ്പരം പരിചയപ്പെടുത്തി.

ഔദാര്യവും കൃതജ്ഞതയും തമ്മിൽ ഇതിന് മുമ്പ് കണ്ട് മുട്ടിയിട്ടേയില്ല. അവർ ആദ്യമായിട്ടാണ് ഒരേ വേദിയിലെത്തുന്നത്. അതുകൊണ്ടാണ് അപരിചിതരായി വർത്തിച്ചത്. ദൈവം തന്നെ അവരെ പരിചയപ്പെടുത്തിക്കൊടുക്കേണ്ടിവന്നു. ഔദാര്യം എന്ന സുകൃതത്തോട് ചേർന്നു പോകുന്ന ഒന്നാണ് കൃതജ്ഞത. പക്ഷേ അതു വളരെ വിരളമായി മാത്രമെ സംഭവിക്കുന്നുള്ളൂ. എന്താണ് ഈ കഥ വെളിപ്പെടുത്തുന്നത്?



വില്യം ലോയുടെ ഒരു ചോദ്യം ഇവിടെ പ്രസക്തമാണ്. ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധൻ ആരാണ്? അധികം ഉപവസിക്കുന്നവനോ, പ്രാർത്ഥിക്കുന്നവനോ അല്ല, ലഹരിപദാർത്ഥങ്ങൾ വർജ്ജിച്ച് വിശുദ്ധിയും നീതിയും പുലർത്തുന്നവനുമല്ല, പിന്നെയോ ദൈവത്തോട് എല്ലായ്പ്പോഴും കൃതജ്ഞതയുള്ളവനാണ്.

ഹൈന്ദവ പുരാണത്തിൽ ശ്രീരാമൻ നന്ദി പ്രകടിപ്പിക്കുന്ന ഒരു ഭാഗം ഉണ്ട്. ശ്രീരാമൻ തന്റെ ഭാര്യയായ സീതയെ രക്ഷിക്കാൻ കടലിനു കുറുകെ ലങ്കയിലേക്ക് ഒരു പാലം പണിയേണ്ടി വന്നു. എല്ലാവരും ആദരിക്കുന്ന മര്യാദപുരുഷനായ ശ്രീരാമനും, ഭൂമിദേവിയുടെ മകളായ സീതയും ആയതിനാൽ, എല്ലാ ജീവജാലങ്ങളും ഈ വലിയ ദൗത്യത്തിൽ സഹായിക്കാൻ ആഗ്രഹിച്ചു. ഹനുമാനും രാമന്റെ വാനരസൈന്യത്തിലെ മറ്റുള്ളവരും ഏറ്റവും വലിയ പാറകളും പാറകളും വഹിച്ചു. ചെറിയ ജീവികളെല്ലാം, അണ്ണാൻ പോലും, സഹായിച്ചു.

ഒരു അണ്ണാൻ കല്ലുകൾ ചുമക്കുമ്പോൾ ഒരു കുരങ്ങൻ അവിടെ എന്താണ് ചെയ്യുന്നതെന്ന് ചോദിച്ചു, വഴിയിൽ നിന്ന് മാറാൻ

അയാളോട് ആക്രോശിച്ചു. ശ്രീരാമന്റെ പാലം പണിയാൻ താൻ കല്ലുകൾ ചുമക്കുകയാണെന്ന് അണ്ണാൻ പറഞ്ഞു. 'ചെറിയ അണ്ണാ, നിനക്ക് എന്തുചെയ്യാൻ കഴിയും?' എന്ന് ചോദിക്കുന്നതു പോലെ കുരങ്ങൻ അണ്ണാനെ നോക്കി ചിരിച്ചു. എന്നാൽ പാറകൾക്കിടയിലുള്ള വിടവുകൾ നിറച്ച കല്ലുകളാണ് പാലത്തെ ശക്തമാക്കിയത്. ശ്രീരാമൻ ചെറിയ അണ്ണാനെ ഉയർത്തി, അവന്റെ എല്ലാ കഠിനാധ്വാനത്തിനും നന്ദി പറഞ്ഞു, അവന്റെ മുതുകിൽ തലോടി അനുഗ്രഹിച്ചു.

പലപ്പോഴും നമ്മൾ നമ്മുടെ മാതാപിതാക്കളോട് നന്ദിയില്ലാത്തവരാണ്. എല്ലാ ജീവജാലങ്ങളിലും മനുഷ്യർക്ക് ജീവിതത്തിന് അത്യാവശ്യമായ ആവശ്യങ്ങൾ നിറവേറ്റാൻ ഏറ്റവും കൂടുതൽ സമയം എടുക്കും. അക്ഷരാർത്ഥത്തിൽ എല്ലാത്തിനും നമ്മൾ നമ്മുടെ മാതാപിതാക്കളെ ആശ്രയിച്ചിരുന്ന വർഷങ്ങളുണ്ടായിരുന്നു. എന്നിരുന്നാലും, പ്രായമായ മാതാപിതാക്കൾ ഒരു ശല്യക്കാരനാകുന്ന ദിവസം പലപ്പോഴും വരുന്നു; ഷേക്സ്പിയറിന്റെ കിംഗ് ലിയർ തന്റെ സ്വന്തം ദുരന്തത്തിന്റെ ദിവസം പറഞ്ഞതുപോലെ:

***നന്ദിയില്ലാത്ത ഒരു കുട്ടിയെ ജനിപ്പിക്കുന്നത്***
***ഒരു സർപ്പത്തിന്റെ പല്ലിനേക്കാൾ എത്ര മൂർച്ചയുള്ളതാണ്!***

1992 മലയാളത്തിൽ ഇറങ്ങിയ ഒരു മനോഹരമായ ചിത്രം ആയിരുന്നു അഹം. ഈ സിനിമയിൽ ഒരു ഗാനം ഇപ്രകാരമാണ്


***നന്ദിയാരോടു ഞാൻ ചൊല്ലേണ്ടു***
***ഭൂമിയിൽവന്നവതാരമെടുക്കാനെനിക്കന്നു***
***പാതിമെയ്യായ പിതാവിനോ.....***
***പിന്നതിൽ പാതിമെയ്യായ മാതാവിനോ***
***പിന്നെയും പത്തുമാസം ചുമന്നെന്നെ***
***ഞാനാക്കിയ ഗർഭപാത്രത്തിനോ .....***

നന്ദി ആരോടൊക്കെയാണ് പറയേണ്ടത് എന്നുള്ള കാര്യത്തിൽ കവി വളരെയധികം സംശയത്തിനായിട്ടാണ് കാണുന്നത്.. നമ്മൾ നന്ദി പറയേണ്ടത് എണ്ണം പരിമിതമല്ലെന്നാണ് ഇത് സൂചിപ്പിക്കുന്നത്

ഷേക്സ്പിയർ എഴുതിയതുപോലെ:

***വീശുക, വീശുക, ശീതകാല കാറ്റേ,***
***മനുഷ്യന്റെ നന്ദികേട് പോലെ***
***നീ അത്ര ദയയില്ലാത്തവനല്ല***

പലപ്പോഴും നമ്മൾ ദൈവത്തോട് നന്ദികെട്ടവരാണ്. ചില സമയങ്ങളിൽ നമ്മൾ വളരെ തീവ്രതയോടെ പ്രാർത്ഥിക്കുന്നു; സമയം കടന്നുപോകുന്നു, നമ്മൾ ദൈവത്തെ മറക്കുന്നു. പലപ്പോഴും നാം അവന് ഒരു നന്ദി വാക്ക് പോലും നൽകുന്നില്ല. നമുക്ക് അവനു നൽകാൻ കഴിയുന്ന ഏറ്റവും നല്ല നന്ദി, അവന്റെ നന്മയ്ക്കും കരുണയ്ക്കും കുറച്ചുകൂടി അർഹത നേടാൻ ശ്രമിക്കുക എന്നതാണ്. നമുക്ക് ദൈവത്തോടും സഹജീവികളോടും നന്ദിയോട് ഇടപെടാൻ ദൈവം അനുഗ്രഹിക്കട്ടെ.



# മരത്തംകോട് പള്ളിയും പുത്തൻകാവ് കൊച്ചുതിരുമേനിയും



ജോഷിനി ജോസ്
വലിയപറമ്പിൽ



തൃശൂർ ജില്ലയിലെ കുന്നംകുളത്തിനടുത്ത് തലപ്പിള്ളി താലൂക്കിൽ പൊവുന്നൂർ വില്ലേജിലുള്ള ഗ്രാമമാണ് മരത്തങ്ങോട്. മരത്തങ്ങോട് ഒരു ഗ്രാമമാണ്. സാധാരണക്കാരുടെ പ്രദേശം. മരങ്ങൾ ധാരാളം തിങ്ങിനിറഞ്ഞതിനാൽ മരത്തങ്ങോടായി. മരങ്ങൾ ഇടതൂർന്നു നിന്നതിനാൽ മരപ്പണിക്കാരാണ് ഏറെയും ഇവിടെ കുടിയേറിപ്പാർക്കുന്നത്. കക്ഷിവഴക്കിൽ പലയിടത്തും പിളർപ്പുണ്ടായപ്പോഴും റീത്തിന്റെ അതിപ്രസരത്താൽ ജനങ്ങൾ കൂട്ടമായി സഭവിട്ടുപോയപ്പോഴും 'കാതോലിക്കാ സിംഹാസനത്തിനായി ആജീവനാന്തം പ്രവർത്തിക്കും' എന്ന ദൃഢനിശ്ചയം ചെയ്തവരായിരുന്നുകുന്നംകുളക്കാർ. ഓർത്തഡോക്സ് സഭയിലെ നേതൃനിരയിൽ പ്രശോഭിച്ചിരുന്ന ഒരു മെത്രാപ്പോലീത്താ റോമാസഭയെ ആശ്ലേഷിച്ചപ്പോൾ സഭയ്ക്കുണ്ടായ നഷ്ടം നികത്താൻ ഉദിച്ച ശുഭനക്ഷത്രമായിരുന്നതിനാൽ പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് ഒരു പ്രത്യേക താല്പര്യം കുന്നംകുളം നിവാസികളോടുണ്ടായിരുന്നു. കുന്നംകുളത്ത് പ്രസംഗത്തിനായി എപ്പോഴെത്തിയാലും കുന്നംകുളം ആർത്താറ്റ് മഹാഇടവകയുടെ കഷ്ണിച്ച് എഴുപത്തിയഞ്ച് വീട്ടുകാർ മാത്രമുള്ള സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ സന്ദർശിക്കാതെ പോവുകയില്ലായിരുന്നു. അത്രയ്ക്കു കരുത്തുറ്റ സൗഹൃദമായിരുന്നു മരത്തങ്ങോട് നിവാസികളുമായി തിരുമേനിക്കുണ്ടായിരുന്നത്.

പ്രശ്നസങ്കീർണ്ണവും കലുഷിതവുമായ അന്തരീക്ഷത്തിൽ സഭാനേതൃത്വം തിളച്ചുരുകിയപ്പോൾ സ്തംഭനത്തിന്റെ വക്കത്തു നിന്നും മലങ്കരസഭയെ പിടിച്ചുയർത്തി പ്രാഗത്ഭ്യത്തോടെ തേരുതെളിയിച്ച കർമ്മയോഗിയായ തിരുമേനി ആശയവിനിമയത്തിനു കണ്ടെത്തിയ ഉത്തമമാധ്യമം പ്രസംഗകലയായിരുന്നു. കുന്നംകുളത്ത് 1951 ൽ കാതോലിക്കേറ്റിന്റെ മാഹാത്മ്യത്തെക്കുറിച്ച് ഉജ്ജ്വലമായ പ്രഭാഷണമാണ് ഈ അനിതര സാധാരണ വ്യക്തി നടത്തിയത്. മധുരവും ഗാംഭീര്യവുമുള്ള വാഗ്ശരങ്ങളുടെ പ്രഷാളനം റീത്ത് സഭയിലേക്ക് ആടിനിന്ന സുറിയാനി ക്രിസ്ത്യാനികളുടെ ചങ്കിൽ തറച്ചപ്പോൾ പലരും തീരുമാനങ്ങൾ പുനഃപരിശോധിച്ച് മാതൃ സഭയിൽ തന്നെ ഉറച്ചു നിൽക്കുവാൻ നിർബന്ധിതരായി.

പ്രസംഗത്തിനിടയിൽ അതിശീഘ്രമായ നെഞ്ചുവേദന തിരുമേനിക്കനുഭവപ്പെട്ടു. എന്റെ നെഞ്ചുവേദന വർദ്ധിക്കുന്നു എന്ന് പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി..... പ്രസംഗം അവസാനിപ്പിച്ചു കളയാം. ഇന്ന് ഈ മൈക്കിനു സംഭവിച്ചതു പോലെ എന്റെ ശബ്ദത്തിലും ചില തകരാറുകൾ....എങ്കിലും പരിശുദ്ധ കാതോലിക്കാസിംഹാസനത്തെക്കുറിച്ചുള്ള യാ

ഥാർത്ഥ്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കണമെന്നുള്ള എന്റെ ആഗ്രഹം എന്റെ നെഞ്ചുവേദന നിസ്സാരമാക്കുന്നു.... എന്ന് ശാരീരികാസ്വസ്ഥതകൾ തൃണവൽഗണിച്ചുകൊണ്ട് ഹൃദയത്തിൽ തട്ടി ആത്മാർത്ഥതയുടെ അഗാധതയിൽ നിന്നു മുതിർന്നുവന്ന ഈ അവസാന വാക്കുകൾ തിരുമേനിയുടെ കാതോലിക്കേറ്റിനോടുള്ള പ്രതിബദ്ധതയും തീക്ഷ്ണതയും വിളിച്ചോതുന്നവയാണ്. കാതോലിക്കാ ദിനാഘോഷത്തോടനുബന്ധിച്ച് എത്തിച്ചേർന്ന പുത്തൻകാവിൽ കൊച്ചുതിരുമേനിക്ക് വെള്ളിയാഴ്ച മുതൽ ദേഹാസ്വാസ്ഥ്യം ഉണ്ടായിരുന്നു. തലേദിവസം പെയ്തുപോയ മഴയുടെ തണുപ്പിൽ നിന്നുണ്ടായ ജലദോഷത്തിന്റെ ലക്ഷണമായിരിക്കാം നെഞ്ചുവേദന എന്ന് കുന്നംകുളത്തെ പ്രസിദ്ധനായ ആയുർവ്വേദ വൈദ്യൻ കിഴക്കുട്ടു ദേവസ്സി വൈദ്യർ തിരുമേനിയെ അറിയിച്ചു. കുന്നംകുളം പ്രസംഗം കഴിഞ്ഞുള്ള യാത്രയിൽ നെഞ്ചുവേദന ശക്തമായതിനെത്തുടർന്ന് തിരുമേനിക്കേറ്റവും പ്രിയപ്പെട്ട മരത്തങ്ങോട് ചാപ്പലിൽ കാർ നിർത്തി. തിരുമേനിയുടെ ഹൃദയത്തിൽ നിന്നും എപ്പോഴുമുയരാറുള്ള 'ദയയിൻ കടലിൽ ഞാൻ നോക്കും ദേവാതനയാ എൻ പാപം പെരുകി പിഴകൾ വർദ്ധിച്ചയ്യോ.....' എന്ന ഗാനം ചൊല്ലിക്കൊണ്ട് മദ്ബഹായിൽ കയറി പ്രാർത്ഥിച്ചു. എന്നാൽ കലശലായ നെഞ്ചു വേദന തിരുമേനിയെ വീണ്ടും അസ്വസ്ഥനാക്കി. മരത്തങ്ങോട്ടുള്ള നാട്ടുവൈദ്യനെ വിളിച്ച് പരിശോധിപ്പിച്ചു. പിന്നീട് കുന്നംകുളത്തുനിന്നും ഡോ. പൈലി വന്നു പരിശോധിച്ച് അടിയന്തിര ചികിത്സ നൽകി. കുറേശ്ശേ വേദന കുറഞ്ഞു.........

മരത്തങ്ങോട്ടു തിരുമേനി എത്തിയതറിഞ്ഞ് വളരെ അധികം ജനങ്ങൾ എത്തി. പുത്തൻകാവിൽ കൊച്ചുതിരുമേനിയെ സ്നേഹിക്കുന്ന ഒരു വലിയ ജനസമൂഹമാണ് കുന്നംകുളത്തുള്ളത് പ്രത്യേകിച്ച് മരത്തങ്ങോട്ട്. മരത്തങ്ങോട്ട് ചാപ്പലിൽ ആരംഭകാലത്ത് ആരാധന നടത്തുവാൻ വളരെ പ്രയാസമായിരുന്നു. വളരെ മേധാവിത്വം പുലർത്തിയ സവർണ്ണസമുദായക്കാർ ചാപ്പലിൽ മണിയടിക്കുവാനോ കുർബ്ബാന ചൊല്ലുവാനോ മരത്തങ്ങോട്ടെ ക്രിസ്ത്യാനികളെ അനുവദിച്ചിരുന്നില്ല. മരത്തങ്ങോട്ടെ സമുദായ ഭിന്നിപ്പും പ്രശ്നങ്ങളുമറിഞ്ഞെത്തിയ തിരുമേനി അവിടെയെത്തി ആരാധനാക്രമീകരണങ്ങൾക്ക് നേതൃത്വം കൊടുക്കുകയും പ്രശ്നപരിഹാരത്തിനായി കൊച്ചി ദിവാനുമായി പലതവണ സംഭാഷണം നടത്തുകയും ചെയ്തു. 1896 ൽ പരിശുദ്ധനായ പരുമല തിരുമേനിയാണ് മരത്തങ്ങോട്ടെ ഓലഷെഡ്ഡിൽ ഒരു മേശയിട്ട് ആദ്യമായി കുർബ്ബാനയർപ്പി ക്കുന്നത്. 1934 ൽ പള്ളി സ്കൂളിനെ ചാപ്പലാക്കിയപ്പോൾ, ഈ മേശ തന്നെയാണ് കൊച്ചുതിരുമേനി ത്രോണോസായി ഉപയോഗിച്ചത്. സാധാരണയായി മരത്തങ്ങോട്ട് ചാപ്പലിൽ തിരുമേനി എത്തിയാൽ ജനങ്ങൾക്ക് സഭയുടെ വിശ്വാസം പഠിപ്പിക്കുയും, വേദഭാഗങ്ങൾ ആസ്പദമാക്കിയുള്ള പ്രസംഗങ്ങൾ നടത്തുകയും, ക്രിസ്തീയ ഗാനങ്ങൾ ചൊല്ലിക്കൊടുക്കുകയും ചെയ്തു പോന്നിരുന്നു. ചുവന്ന കുപ്പായവും വെളുത്ത് സുന്ദരമായ മുഖവും പ്രകാശം പരത്തുന്ന കണ്ണുകളും എപ്പോഴും പുഞ്ചിരിക്കുന്ന പ്രസന്നഭാവമുള്ള ആ ആദ്ധ്യാത്മിക ഗുരുവിനെക്കുറിച്ച് ധാരാളം സ്നേഹസ്മരണകൾ അടുത്തറിയുന്നവർക്ക് പറയുവാനുണ്ട്. അസാധാരണമായ ശബ്ദസൗന്ദര്യവും അനുഗ്രഹകരമായ സ്വർഗ്ഗീയ ആരാധനയും, പാണ്ഡിത്യം നിറഞ്ഞുനിന്ന പ്രഭാഷണങ്ങളും, വരപ്രസാദമായി ലഭിച്ചിട്ടുള്ള കർമ്മകുശലതയും വിശ്വാസികളുടെ ഹൃദയങ്ങളെ ഹഠാദാ കർഷിച്ചു.

'ഭാവിതലമുറ കരുത്താർജ്ജിക്കണമെങ്കിൽ ഉന്നതവിദ്യാഭ്യാസം ലഭിക്കണമെന്ന്' ദർശനത്തിൽ അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാന്ദികുറിച്ചു. കുട്ടികൾക്കായി സഭാവിശ്വാസാടിസ്ഥാനത്തിൽ ജീവിതപന്ഥാവിൽ നീങ്ങുവാൻ അനേകം ക്ലാസ്സുകൾ ക്രമീകരിച്ചു. ക്ലാസ്സിനിടയിൽ കുട്ടികളോട് ചോദ്യങ്ങൾ ചോദിക്കുന്നത് പതിവായിരുന്നു. തന്റെ കുപ്പായത്തിൽ സൂക്ഷിച്ചിരുന്ന സമ്മാനങ്ങൾ നൽകുമ്പോൾ വേദപഠനത്തിലുള്ള കുഞ്ഞുങ്ങളുടെ താല്പര്യവും വർദ്ധിച്ചു.

1951 ഏപ്രിൽ 17 നു രാവിലെ ഒമ്പതു മണിക്ക്, നെഞ്ചുവേദന കലശലായി, അസഹനീ ഹയമായ വേദനയിൽ കൈകൾ രണ്ടും നെഞ്ചത്ത് അമർത്തിപ്പിടിച്ചെങ്കിലും..... പെട്ടെന്ന് തിരുമേനി യുടെ ബോധം മറഞ്ഞു. മലങ്കരയിൽ കത്തിജ്വ ലിച്ചു നിന്നിരുന്ന ആ തേജസ്സ് പുത്തൻകാവ് കൊച്ചുതിരുമേനി ലോകത്തോടു യാത്രപറഞ്ഞു. മരത്തങ്ങോട്ടെ ചെറിയ ഒരു പള്ളിമുറിയിൽ നിര്യാതനായി. ഈ വാർത്ത നാടിനെ അക്ഷ രാർത്ഥത്തിൽ ഞെട്ടിച്ചു. അബാലവൃദ്ധം ജനങ്ങൾ വിവിധ ഭാഗങ്ങളിൽ നിന്നും നിലവിളിച്ചോടിയെത്തി.... മരത്തങ്ങോട്ടുകാരെ സ്നേഹിച്ച് തിരുമേനി സ്നേഹിതരുടെ സാന്നിദ്ധ്യത്തിൽ നിത്യമായ സ്നേഹലോകത്തേക്കു യാത്രയായി.

'മെത്രാച്ചൻ എവിടെ കാലം ചെയ്താലും അവിടെ കബറടക്കണ'മെന്ന് കുന്നംകുളത്ത് ഒരു പാരമ്പര്യമുണ്ട്. കുന്നംകുളത്തുകാരനായ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് ഒന്നാമൻ (1816) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് രണ്ടാമൻ (1833-1909) എന്നിവരെ കോട്ടയത്താണ് കബറടക്കിയത്. അതിനാൽ മരത്തങ്ങോട്ട് തിരുമേനിയെ കബറടക്കണമെന്ന ആഗ്രഹം ജനങ്ങൾക്കുണ്ടായി. എന്നാൽ ഇതുമൂലം കുന്നംകുളം മഹാഇടവകയുടെ പ്രാധാന്യം കുറഞ്ഞാലോ എന്നതിനെ ചൊല്ലി തർക്കം നടന്നു. ഈ സമയത്താണ് പരിശുദ്ധ ബാവായുടെ കല്പനയുമായി തിരുമനിയുടെ ഭൗതികശരീരം പുത്തൻകാവിൽ കബറടക്കം നടത്തണമെന്ന അവകാശവാദവുമായി പുത്തൻകാവിൽ നിന്നും വന്നവരെ മഹാഇടവകക്കാരോടുള്ള അരിശത്തിൽ മരത്തംകോട്ടുകാർ അനുകൂലിക്കുകയും അപ്രകാരം തിരുമേനിയുടെ ഭൗതികശരീരം ഏപ്രിൽ 18 നു നാലുമണിക്ക് പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ മദ്ബഹായുടെ വടക്കുവശത്ത് പ്രത്യേകം സജ്ജീകരിച്ച കല്ലറയിൽ സംസ്കരിച്ചു.


പുത്തൻകാവ് തിരുമേനി കാലം ചെയ്ത പള്ളിമുറി മരത്തംകോട്ട് സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിൽ പുതുക്കി പണിതു മനോഹരമാക്കി. ഇന്ന് ഈ ദേവാലയത്തിൽ ഇരുന്നൂറിൽപരം വീട്ടുകാരുണ്ട്. ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള സുന്ദരഗാത്രനായ ഒരു യുവാവ് സർവ്വാംഗപരിത്യാഗിയായി കാഷായവസ്ത്രം സ്വീകരിച്ചു സഹനത്തിന്റെയും സേവനത്തിന്റെയും മാർഗ്ഗമായ കുരിശ് അണിഞ്ഞ് ത്യാഗസന്നദ്ധനായ ആ വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ പ്രാർത്ഥിക്കുവാനായി അനേകർ ഇവിടെ എത്തുന്നുണ്ട്. പുതുഞായറാഴ്ചയ്ക്കു ശേഷം ആദ്യ ഞായറാഴ്ച തിരുമേനിയുടെ ഓർമ്മ വിപുലമായി ആചരിക്കുന്നു. മുപ്പതുപറ അരിയുടെ സദ്യയും ഇവിടെ നടത്തിപ്പോന്നു. ചുവന്ന കുപ്പായത്തിൽ പാർക്കർ പേന നെഞ്ചിന്റെ സൈഡിൽ കുത്തി അല്പം ചരിഞ്ഞിരിക്കുന്ന പുത്തൻകാവ് തിരുമേനിയുടെ ചിത്രം പല ഭവനങ്ങളിലും പൂമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. സ്വന്തം പേരിൽ ഒന്നും സമ്പാദിക്കാതെ എല്ലാം കാതോലിക്കേറ്റിനുവേണ്ടി സമർപ്പിച്ചു ആ ദിവ്യതേജസ്സ്. ചുറ്റികകൊണ്ട് പാറ അടിച്ചും, കല്ലുവെട്ടിയും, പട്ടിണികിടന്നും മലങ്കര സഭയുടെ വളർച്ചയ്ക്കായി അക്ഷീണം യത്നിച്ച ആ വന്ദ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ നമുക്കഭയം പ്രാപിക്കാം........

# HAMAN ON THE GALLOWS



**Nidhin Samuel**
Nidhin Nivas

Ahasuerus the king lived there,
hundred and twenty-seven provinces.
For six months, his excellency was showed.
unwillingness of Queen Vasti
To show her beauty to the people
Caused the whole change.
A lovely and beautiful lady, Esther,
Became the new queen.
The great man Mordecai brought up Esther.
She lost her parents at her early childhood.
Mordecai could not show more respect
To Haman, the king's nearest one.
Jealous Haman made a gallows.
Esther's wisdom worked here.
She informed everything to her dearest king.
Esther's sincere prayer and fasting rewarded her.
Haman was hanged on the gallows
Prepared for Mordecai.
Mordecai the Jew became second to the King.



# തിന്മയിൽ നിന്നും നന്മയിലേക്ക് നടക്കുന്നവരാകാം





**ലിബിൻ രാജൻ ചരിവുകാലായിൽ**

മനുഷ്യജീവിതം നല്ലതും ചീത്തയും തമ്മിലുള്ള ഒരു യാത്രയാണ്. ഓരോ ദിവസവും നമ്മൾ എടുക്കുന്ന തീരുമാനങ്ങളാണ് നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുന്നത്. ചിലപ്പോൾ കോപം, അസൂയ, സ്വാർത്ഥത, ദ്വേഷം തുടങ്ങിയ തിന്മകൾ മനുഷ്യനെ തെറ്റായ വഴികളിലേക്ക് നയിക്കാം. എന്നാൽ സ്നേഹം, കരുണ, ക്ഷമ, സഹനം തുടങ്ങിയ നന്മകൾ ജീവിതത്തെ മനോഹരമാക്കുന്നു. അതുകൊണ്ട് തന്നെ "തിന്മയിൽ നിന്നും നന്മയിലേക്ക് നടക്കുന്നവരാകാം" എന്ന ചിന്ത ഓരോ മനുഷ്യന്റെയും ജീവിതത്തിൽ ഉണ്ടായിരിക്കണം.

ഇന്നത്തെ ലോകത്ത് പലവിധ പ്രലോഭനങ്ങളും മനുഷ്യനെ തെറ്റുവഴിയിലേക്ക് നയിക്കുന്നു. ചെറിയ ലാഭത്തിനായി പോലും ചിലർ കള്ളം പറയുകയും മറ്റുള്ളവരെ വേദനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരം കാര്യങ്ങൾ നിമിഷനേരത്തേക്ക് സന്തോഷം നൽകുമെങ്കിലും, പിന്നീട് അത് മനസ്സിന് ഭാരമായി മാറും. യഥാർത്ഥ സന്തോഷം നന്മയിൽ ജീവിക്കുമ്പോഴാണ് ലഭിക്കുന്നത്. മറ്റൊരാളുടെ കണ്ണീരിന് കാരണമാകാതെ, മറിച്ച് അവരുടെ ചിരിക്ക് കാരണമാകുന്ന ജീവിതമാണ് ഏറ്റവും വിലപ്പെട്ടത്.

ക്രിസ്തുവിന്റെ ജീവിതം നന്മയുടെ ഏറ്റവും വലിയ ഉദാഹരണമാണ്. അവൻ മനുഷ്യരെ സ്നേഹിച്ചു, രോഗികളെ ശുശ്രൂഷിച്ചു, പാപികളോട് പോലും ക്ഷമിച്ചു. അവന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ദ്വേഷത്തെ സ്നേഹത്തോടെ ജയിക്കാനാണ്. ആരെങ്കിലും നമ്മെ വേദനിപ്പിച്ചാൽ തിരിച്ചടിക്കാനല്ല, മറിച്ച് ക്ഷമിക്കാനാണ് ക്രിസ്തു നമ്മെ പഠിപ്പിക്കുന്നത്. ക്ഷമിക്കുന്ന ഹൃദയത്തിലാണ് യഥാർത്ഥ സമാധാനം വസിക്കുന്നത്.

തിന്മയിൽ നിന്നും നന്മയിലേക്ക് നടക്കുക എന്നത് ഒരുദിവസം കൊണ്ടു സംഭവിക്കുന്ന മാറ്റമല്ല. അത് ചെറിയ ചെറിയ നല്ല പ്രവൃത്തികളിലൂടെ ആരംഭിക്കുന്ന ഒരു യാത്രയാണ്. ഒരു നല്ല വാക്ക് പറയുക, സഹായം ആവശ്യമുള്ളവരെ സഹായിക്കുക, തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്തുക – ഇവയെല്ലാം നന്മയിലേക്കുള്ള ചുവടുകളാണ്. ചിലപ്പോൾ നന്മയുടെ വഴി ബുദ്ധിമുട്ടുള്ളതായിരിക്കും. എന്നാൽ ആ വഴിയിലൂടെ നടക്കുമ്പോൾ ജീവിതത്തിൽ സമാധാനവും സന്തോഷവും അനുഭവിക്കാനാകും.

ഇന്നത്തെ സമൂഹത്തിൽ വൈരവും സ്വാർത്ഥതയും വർധിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബങ്ങളിലും സൗഹൃദങ്ങളിലും പോലും സ്നേഹത്തിന്റെ കുറവ് കാണപ്പെടുന്നു. ഇത്തരം സാഹചര്യങ്ങളിൽ നന്മയുടെ വെളിച്ചമാകാൻ ഓരോരുത്തരും ശ്രമിക്കണം. ഒരു ചെറിയ മെഴുകുതിരി പോലും വലിയ ഇരുട്ടിനെ അകറ്റുന്നതുപോലെ, ഒരു നല്ല മനുഷ്യന്റെ പ്രവർത്തികൾക്ക് പോലും പലരുടെയും ജീവിതത്തിൽ പ്രത്യാശ പകരാൻ കഴിയും.

ബൈബിളിൽ പറയുന്നുണ്ട്: "തിന്മയെ നന്മകൊണ്ട് ജയിക്കുവിൻ." ഈ വചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ദ്വേഷത്തിനും അനീതിക്കും മറുപടിയായി നന്മ തിരഞ്ഞെടുക്കണമെന്നതാണ്. കാരണം നന്മയുടെ വഴിയിലാണ് ദൈവസാന്നിധ്യം കൂടുതൽ അനുഭവിക്കാൻ കഴിയുന്നത്.

അവസാനമായി, മനുഷ്യജീവിതത്തിന്റെ യഥാർത്ഥ അർത്ഥം മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിലാണ്. ലോകം എത്ര മാറിയാലും, സ്നേഹത്തിന്റെയും കരുണയുടെയും വില ഒരിക്കലും കുറയില്ല. അതുകൊണ്ട് നാം ഓരോരുത്തരും തിന്മയെ വിട്ട് നന്മയുടെ വഴിയിൽ നടക്കുവാൻ ശ്രമിക്കണം. നമ്മുടെ വാക്കുകളും പ്രവൃത്തികളും മറ്റുള്ളവർക്കു സന്തോഷവും സമാധാനവും നൽകുന്നവയായിരിക്കട്ടെ. അങ്ങനെ ജീവിക്കുമ്പോൾ മാത്രമേ നമ്മുടെ ജീവിതം യഥാർത്ഥത്തിൽ മനോഹരമാകൂ.

# പ്രാർത്ഥനയുടെ പ്രാധാന്യം

മനുഷ്യജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വളരെ വലിയ സ്ഥാനമുണ്ട് പ്രാർത്ഥന ദൈവത്തോടുള്ള ഒരു ആത്മീയ സംഭാഷണമാണ്, മനുഷ്യന്റെ സന്തോഷവും ദു:ഖവും ആശങ്കകളും പ്രതീക്ഷകളും ദൈവസന്നിധിയിൽ തുറന്നു പറയുന്ന ഒരു മാർഗമാണ് പ്രാർത്ഥന. ഇത് മനസ്സിന് സമാധാനവും ആത്മവിശ്വാസവും നൽകുന്നു.

പ്രാർത്ഥന മനുഷ്യനെ നല്ല വഴിയിലേക്ക് നയിക്കുന്നു. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും വന്നപ്പോൾ പ്രാർത്ഥന മനുഷ്യന് ധൈര്യവും പ്രത്യാശയും നൽകുന്നു. മനസ്സിലെ ഭയം, വിഷമം, മാനസിക സമ്മർദ്ദം എന്നിവ കുറയ്ക്കാൻ പ്രാർത്ഥന സഹായിക്കുന്നു. അതുകൊണ്ട് തന്നെ പ്രാർത്ഥന മനസ്സിനെ ശുദ്ധീകരിക്കുന്ന ഒരു ശക്തിയായി കണക്കാക്കപ്പെടുന്നു.



**സെറാ സാറാ മാത്യു**
**ജോയിന്റ് സെക്രട്ടറി**

പ്രാർത്ഥന വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിലും പ്രധാന പങ്ക് വഹിക്കുന്നു. വിനയം, കരുണ, സഹനം, സ്നേഹം തുടങ്ങിയ നല്ല ഗുണങ്ങൾ വളരാൻ പ്രാർത്ഥന സഹായിക്കുന്നു. ദൈവത്തെ വിശ്വസിക്കുന്ന ഒരാൾ തെറ്റായ പ്രവൃത്തികളിൽ നിന്നും വിട്ടുനിൽക്കാൻ ശ്രമിക്കും. അതിനാൽ പ്രാർത്ഥന മനുഷ്യനെ നല്ല മനുഷ്യനാക്കുന്നു.

കുടുംബത്തിലും സമൂഹത്തിലും ഐക്യം നിലനിർത്തുന്നതിനും പ്രാർത്ഥന സഹായകരമാണ്. കുടുംബമായി ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ പരസ്പര സ്നേഹവും ബന്ധവും ശക്തമാകും . സമൂഹത്തിൽ സമാധാനവും സൗഹൃദവും വളരാൻ പ്രാർത്ഥന ഒരു പ്രചോതനമാകുന്നു

വിദ്യാർത്ഥികളുടെ ജീവിതത്തിലും പ്രാർത്ഥനയ്ക്ക് വലിയ പ്രാധാന്യമുണ്ട് . പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും പരീക്ഷാഭയം കുറയ്ക്കാനും ആത്മവിശ്വാസം വർധിപ്പിക്കാനും, പ്രാർത്ഥന സഹായിക്കുന്നു. ദിവസവും പ്രാർത്ഥിക്കുന്ന വിദ്യാർത്ഥികൾക്ക് മാനസിക സമാധാനവും നല്ല ചിന്തകളും ലഭിക്കും.

അവസാനമായി, പ്രാർത്ഥന മനുഷ്യജീവിതത്തെ പ്രകാശമാനമാക്കുന്ന ഒരു ആത്മീയ ശക്തിയാണ്. അത് മനുജന് ആത്മവിശ്വസവും സമാധാനവും പ്രത്യാശയും നൽകുന്നു. അതിനാൽ എല്ലാവരും ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് ഒരു സ്ഥാനം നൽകണം.



# ഇന്നത്തെ യുവാക്കൾ, നാളെയുടെ വെല്ലുവിളികളോ?



ജെഫിൻ റ്റി സാജൻ
ട്രഷറർ

ഇന്നത്തെ ലോകം അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയും സാമൂഹ്യമാധ്യമങ്ങളുടെ സ്വാധീനവും മനുഷ്യരുടെ ജീവിതരീതിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ മാറ്റങ്ങളുടെ മധ്യത്തിൽ നിൽക്കുന്നത് യുവജനങ്ങളാണ്. യുവാക്കൾ ഒരു രാജ്യത്തിന്റെ ശക്തിയും പ്രതീക്ഷയും ആണെങ്കിലും, അവർ നേരിടുന്ന വെല്ലുവിളികളും ദിനംപ്രതി വർധിച്ചുകൊണ്ടിരിക്കുന്നു.

ഇന്നത്തെ യുവതലമുറയ്ക്ക് വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ബന്ധങ്ങൾ, മാനസികാരോഗ്യം തുടങ്ങിയ മേഖലകളിൽ നിരവധി സമ്മർദ്ദങ്ങളുണ്ട്. ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടും അനുയോജ്യമായ ജോലി ലഭിക്കാത്തത് പലരെയും നിരാശരാക്കുന്നു. തൊഴിലില്ലായ്മ യുവാക്കളുടെ ആത്മവിശ്വാസത്തെയും ഭാവി സ്വപ്നങ്ങളെയും ബാധിക്കുന്ന ഒരു വലിയ പ്രശ്നമാണ്.

സാമൂഹ്യമാധ്യമങ്ങളുടെ അമിത ഉപയോഗവും യുവജനങ്ങളുടെ ജീവിതത്തെ പ്രതികൂലമായി സ്വാധീനിക്കുന്നു. യഥാർത്ഥ ജീവിതബന്ധങ്ങളേക്കാൾ ഓൺലൈൻ ലോകത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നത് ഏകാന്തതക്കും മാനസിക സമ്മർദ്ദങ്ങൾക്കും വഴിയൊരുക്കുന്നു. കൂടാതെ, മയക്കുമരുന്ന് ഉപയോഗം, അക്രമ പ്രവണത, തെറ്റായ സുഹൃത്ത് ബന്ധങ്ങൾ എന്നിവയും ചില യുവാക്കളെ തെറ്റായ വഴികളിലേക്ക് നയിക്കുന്നു.

എന്നാൽ ഇന്നത്തെ യുവാക്കൾക്ക് അസാധാരണമായ കഴിവുകളും സൃഷ്ടിപരമായ ചിന്തകളും ഉണ്ട്. ശരിയായ മാർഗ്ഗനിർദ്ദേശവും പ്രോത്സാഹനവും ലഭിച്ചാൽ അവർ സമൂഹത്തിനും രാജ്യത്തിനും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. കായികം, ശാസ്ത്രം, കല, സാങ്കേതിക വിദ്യ എന്നിവയിൽ ലോകതലത്തിൽ നേട്ടങ്ങൾ കൈവരിക്കുന്ന നിരവധി യുവാക്കൾ ഇന്ന് നമുക്ക് മാതൃകകളാണ്.

കുടുംബവും അധ്യാപകരും സമൂഹവും യുവജനങ്ങളെ നല്ല വഴിയിലേക്ക് നയിക്കേണ്ട ഉത്തരവാദിത്തം ഏറ്റെടുക്കണം. മൂല്യബോധവും ആത്മവിശ്വാസവും വളർത്തിക്കൊണ്ട്, യുവാക്കളെ അവരുടെ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കണം. യുവജനങ്ങൾ തന്നെയും സമയം ഫലപ്രദമായി വിനിയോഗിച്ച് സമൂഹത്തിന് ഗുണകരമായ പ്രവർത്തനങ്ങളിൽ പങ്കെടുക്കണം.



അവസാനമായി,ഇന്നത്തെ യുവാക്കൾ നാളെയുടെ രാജ്യനിർമ്മാതാക്കളാണ്. അവരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരങ്ങൾ കണ്ടെത്തുമ്പോഴാണ് ഒരു നല്ല സമൂഹവും ശക്തമായ രാജ്യവും രൂപപ്പെടുക. യുവജനങ്ങളുടെ ശക്തിയെ ശരിയായ ദിശയിൽ ഉപയോഗപ്പെടുത്തുക എന്നതാണ് നാളെയുടെ ഏറ്റവും വലിയ വെല്ലുവിളിയും വിജയവും.



**ജെബി സൈമൺ**
**സാങ്കൂർ ഹൗസ്**

# ഹൃദയത്തിന്റെ പ്രകാശം


**"സർവ്വവ്യാപിയായ ദൈവത്തിന് ശരണപ്പെട്ട് എട്ട് ദിവ്യസമ്പത്തുകൾ ലോകത്തിന് പകരുക."**

ഈ പ്രപഞ്ചം മുഴുവൻ നിയന്ത്രിക്കുന്ന ദിവ്യശക്തിയുടെ അംശം നമ്മുടെ ഹൃദയത്തിലും വസിക്കുന്നു. എല്ലാ തിരുവെഴുത്തുകളിലും, എല്ലാ ആത്മാർത്ഥമായ പ്രാർത്ഥനയിലും നാം കണ്ടുമുട്ടുന്ന ഒരു സത്യമുണ്ട്: ദൈവം ഒരു കെട്ടിടത്തിലോ, ഒരു രാജ്യത്തിലോ, ഒരു പേരിലോ ഒതുങ്ങുന്നില്ല. അവിടുന്ന് സർവ്വ സൃഷ്ടിയിലും വ്യാപിച്ചിരിക്കുന്ന, ജീവിക്കുന്ന പ്രകാശമാണ് അബ്രഹാമിന്റെ ദൈവം, യേശു വെളിപ്പെടുത്തിയ പിതാവ്, നിന്റെയും എന്റെയും ഉള്ളിൽ മൗനമായി ചലിക്കുന്ന ആത്മാവ്. ഉത്കണ്ഠയും വിദ്വേഷവും ഭിന്നതയും കൊണ്ട് നമ്മുടെ കാലം ഇരുണ്ടു പോകുമ്പോൾ, നാം പുറത്തേക്കല്ല, ഉള്ളിലേക്കാണ് നോക്കേണ്ടത്. കാരണം ദൈവരാജ്യം, ക്രിസ്തു പറഞ്ഞതുപോലെ നിങ്ങളുടെ ഉള്ളിലാണ്.

നക്ഷത്രങ്ങളെ ജ്വലിപ്പിച്ച അതേ ദിവ്യനാളം നമ്മുടെ ഹൃദയത്തിലും ശാന്തമായി തെളിയുന്നുവെന്ന് നാം കണ്ടെത്തുന്നു. ആ പ്രകാശം കാണുക എന്നാൽ നമ്മെ ബന്ധിക്കുന്ന ഏട്ട് നിഴലുകളിൽ നിന്ന് മോചിതരാകുക എന്നതാണ്: കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, രാഗം,ദ്വേഷം. ശരണാഗതി ബലഹീനതയല്ല; അത് നാം തനിച്ച് പൊരുതുന്നത് നിർത്തി ദൈവകൃപയെ നമ്മിലൂടെ പ്രവർത്തിക്കാൻ അനുവദിക്കുന്ന നിമിഷമാണ്.

സമർപ്പിതമായ ഒരു ഹൃദയത്തിൽ വിടരുന്ന എട്ട് ദിവ്യശക്തികൾ. ഇന്നത്തെ കാലഘട്ടത്തെ വിലയിരുത്തുമ്പോൾ അവ ഇവയാണ്: വിനയം, സ്വഭാവമഹിമ, സത്യമായ വാക്ക്, ഉള്ളിലെ ലഘുത്വം, സംതൃപ്തി, ശുദ്ധ സങ്കല്പം, സ്വയം നിയന്ത്രണം, സ്നേഹത്തിന്റെ അധികാരം സേവനം കൊണ്ട് ഹൃദയങ്ങളെ നേടുന്ന ശക്തി. ധ്യാനം ദിനചര്യയാക്കി എന്നും ആ ദിവ്യശക്തിയെ അനുഭവിച്ചറിയുക. സത്യസന്ധതയോടെ ജീവിതാന്ത്യം വരെയും ജീവിക്കുക.

യേശു പറഞ്ഞു: 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പിൽ പ്രകാശിക്കട്ടെ.' ഒരു വിളക്ക് കത്തിക്കുന്നത് പറയുടെ കീഴിൽ വയ്ക്കാനല്ല. നമ്മുടെ ഹൃദയങ്ങൾ വിനയവും, സംതൃപ്തിയും, സ്നേഹവും വഹിക്കുമ്പോൾ, നമ്മുടെ ഭവനങ്ങൾ സമാധാനമാകുന്നു. നമ്മുടെ ജോലിസ്ഥലങ്ങൾ സത്യസന്ധത കാണുമ്പോൾ, നമ്മുടെ സമൂഹങ്ങൾ പ്രത്യാശ കാണുന്നു. രാഷ്ട്രങ്ങൾ ക്ഷമ കാണുമ്പോൾ, ലോകം ദൈവത്തെ കാണുന്നു. അങ്ങനെ കാലത്തിന്റെ ധർമ്മം പ്രകാശമായി നമ്മെ നയിക്കട്ടെ. അതിനായി നമുക്ക് പരിശ്രമിക്കാം.



# "ജീവിതത്തിൽ സമാധാനം എവിടെ?"



സൈറ റേച്ചൽ റോബിൻ
വാലുപറമ്പിൽ

ഇന്നത്തെ ലോകത്തിൽ മനുഷ്യൻ എല്ലാം നേടിയിട്ടും നഷ്ടപ്പെടുന്നത് മനസ്സിന്റെ സമാധാനമാണ്. പണവും പ്രശസ്തിയും സൗഹൃദങ്ങളും വിനോദങ്ങളും ഉണ്ടായിട്ടും ഉള്ളിൽ ഒരു ശൂന്യത പലരെയും അലട്ടുന്നു. പ്രത്യേകിച്ച് യുവത്വം ഇന്ന് ആശങ്കകളുടെയും സമ്മർദ്ദങ്ങളുടെയും ഇടയിൽ ജീവിക്കുകയാണ്. ഭാവിയെക്കുറിച്ചുള്ള ഭയം, പഠനഭാരം, ബന്ധങ്ങളിലെ തകർച്ച, സോഷ്യൽ മീഡിയയുടെ സ്വാധീനം , ഇവ മനസ്സിനെ ക്ഷീണിപ്പിക്കുന്നു.

പലരും സമാധാനം ലോകത്തിലെ സന്തോഷങ്ങളിൽ അന്വേഷിക്കുന്നു. എന്നാൽ ലോകം നൽകുന്ന സന്തോഷങ്ങൾ താൽക്കാലികമാണ്. കുറച്ച് നിമിഷങ്ങൾ സന്തോഷം നൽകിയാലും പിന്നീട് അത് വീണ്ടും ശൂന്യതയിലേക്ക് നയിക്കുന്നു. അതുകൊണ്ടാണ് മനുഷ്യന്റെ ഹൃദയം എല്ലാം ഉണ്ടായിട്ടും അസ്വസ്ഥമായി തുടരുന്നത്.

യഥാർത്ഥ സമാധാനം ദൈവസാന്നിധ്യത്തിലാണ്. പ്രാർത്ഥനയിൽ ദൈവത്തോട് ഹൃദയം തുറക്കുമ്പോൾ മനസ്സിന് ഒരു പ്രത്യേക ആശ്വാസം ലഭിക്കുന്നു. ലോകം മനസ്സിലാക്കാത്ത വേദനകളും കണ്ണീരും ദൈവം അറിയുന്നുണ്ട് എന്ന തിരിച്ചറിവ് മനുഷ്യനെ ശക്തനാക്കുന്നു. ബൈബിൾ പറയുന്നത് പോലെ, "ഞാൻ നിങ്ങൾക്കു തരുന്ന സമാധാനം ലോകം തരുന്നതുപോലെയല്ല." ദൈവത്തിൽ നിന്നും ലഭിക്കുന്ന സമാധാനം സാഹചര്യങ്ങളെ ആശ്രയിച്ചുള്ളതല്ല; അത് ഹൃദയത്തിന്റെ ആഴത്തിൽ അനുഭവിക്കുന്ന പ്രത്യാശയാണ്.

ഇന്നത്തെ യുവത്വത്തിന് ഏറ്റവും ആവശ്യമായത് പുറമേയുള്ള വിജയങ്ങൾ മാത്രമല്ല, ഉള്ളിലെ സമാധാനവുമാണ്. ദൈവത്തോട് അടുത്ത് നടക്കുമ്പോൾ ജീവിതത്തിലെ പ്രതിസന്ധികളിലും പ്രത്യാശയോടെ മുന്നോട്ട് പോകാൻ കഴിയും. കാരണം പ്രാർത്ഥന മനുഷ്യനെ തളർച്ചയിൽ നിന്ന് ഉയർത്തുകയും വിശ്വാസം ഇരുളിൽ വെളിച്ചമാകുകയും ചെയ്യുന്നു.

ലോകം താൽക്കാലിക സന്തോഷങ്ങൾ വാഗ്ദാനം ചെയ്യുന്നു. എന്നാൽ യഥാർത്ഥ സമാധാനം സ്നേഹത്തിലും വിശ്വാസത്തിലും ദൈവസാന്നിധ്യത്തിലുമാണ് ലഭിക്കുന്നത്.

"ദൈവത്തോടൊപ്പം നടക്കുന്ന ഹൃദയം ഒരിക്കലും പൂർണ്ണമായി തകർന്നുപോകില്ല."



# ഇരുളടയുന്ന കൗമാരങ്ങളും വിശ്വാസത്തിന്റെ ആത്മീയ കോട്ടയും:



**അലൻ ജോർജ് ജെയ്സൺ**
**ജെയ്സൺ വില്ല**

**ലഹരി വിപത്തിനെതിരെയുള്ള ക്രൈസ്തവ പ്രതിരോധം**

ഒരുകാലത്ത് വല്ലപ്പോഴും മാത്രം കേട്ടിരുന്ന 'ലഹരി ഉപയോഗം' എന്ന വാർത്ത ഇന്ന് നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. വിദ്യാലയങ്ങളുടെ പരിസരങ്ങളിലും ക്യാമ്പസുകളിലും പടർന്നു പിടിക്കുന്ന സിന്തറ്റിക് ലഹരി മരുന്നുകൾ( **Synthetic Drugs**) നമ്മുടെ കുട്ടികളുടെ ഭാവിയെയും ആരോഗ്യത്തെയും പാടെ തകർക്കുകയാണ്. ലഹരിയുടെ ഈ കറുത്ത കൈകൾ ഇന്ന് നമ്മുടെ ഇടവകകളിലെ കൗമാരക്കാരിലേക്കും നീളുന്നു എന്ന യാഥാർത്ഥ്യം ഭയത്തോടെയല്ലാതെ നമുക്ക് കാണാൻ കഴിയില്ല. എന്തുകൊണ്ട് നമ്മുടെ കുട്ടികൾ ഇതിലേക്ക് ആകർഷിക്കപ്പെടുന്നു? ഈ ആധുനിക പ്രതിസന്ധിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസ പാരമ്പര്യങ്ങൾക്കും കുടുംബങ്ങൾക്കും എങ്ങനെ ഒരു പ്രതിരോധ കോട്ടയായി നിലകൊള്ളാൻ സാധിക്കുമെന്ന് നാം ആത്മപരിശോധന നടത്തേണ്ടതുണ്ട്.

### ശരീരം ദൈവത്തിന്റെ ആലയം:
ബൈബിൾ നൽകുന്ന ആത്മീയ ദർശനം

ലഹരിപദാർത്ഥങ്ങൾ മനുഷ്യന്റെ ചിന്താശേഷിയും ശരീരത്തെയും ഒരുപോലെ നശിപ്പിക്കുന്നവയാണ്. വിശുദ്ധ ബൈബിൾ മനുഷ്യ ശരീരത്തെ വെറുമൊരു മാംസ പിണ്ഡമായല്ല കാണുന്നത്, മറിച്ച് ദൈവത്തിന്റെ ആത്മാവ് വസിക്കുന്ന വിശുദ്ധമായ ഒരിടമായാണ്. അപ്പോസ്തലനായ പൗലോസ് ശ്ലീഹാ പറയുന്നത് നോക്കുക:

> **"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരവും വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നെ."**
> (1 കൊരിന്ത്യർ 3:16 -17)

മറ്റൊരു വചനത്തിൽ അദ്ദേഹം ഓർമ്മിപ്പിക്കുന്നു:

> **"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്ന നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾകുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടും ദൈവത്തെ മഹത്വപ്പെടുത്തുവിൻ.'**
> (1 കൊരിന്ത്യർ 6:19 -20)

ലഹരി ഉപയോഗത്തിലൂടെ ഒരു കുട്ടി സ്വന്തം ശരീരത്തെ മലിനമാക്കുമ്പോൾ, അവൻ യഥാർത്ഥത്തിൽ തന്നെയുള്ള ദൈവത്തിന്റെ ആലയത്തെയാണ് തകർക്കുന്നത്. കൗമാര പ്രായത്തിൽ ഉണ്ടാകുന്ന അനാവശ്യമായ കൂട്ടുകെട്ടുകളും ജിജ്ഞാസയും ദൈവവചനത്തിന്റെ ഈ വലിയ സത്യം കുട്ടികൾ മറന്നു പോകാൻ കാരണമാകുന്നു.

### എന്തുകൊണ്ട് കുട്ടികൾ ലഹരിയിലേക്ക് വഴുതിവീഴുന്നു?

ഇന്നത്തെ കൗമാരക്കാർ നേരിടുന്ന ചില മാനസികാവസ്ഥകൾ നാം മനസ്സിലാക്കേണ്ടതുണ്ട്. പലപ്പോഴും വീടുകളിലെ ഒറ്റപ്പെടൽ, പഠനഭാരം മൂലം ഉണ്ടാകുന്ന മാനസിക സമ്മർദ്ദം, മാതാപിതാക്കളുടെ അമിതമായ പ്രതീക്ഷകൾ, സോഷ്യൽ മീഡിയ നൽകുന്ന തെറ്റായ സ്വാധീനങ്ങൾ എന്നിവ കുട്ടികളെ തളർത്താറുണ്ട്. ഈ ശൂന്യത മറികടക്കാനും താൽക്കാലികമായ സന്തോഷം കണ്ടെത്താനുമാണ് പലരും ലഹരിയുടെ വഴി തിരഞ്ഞെടുക്കുന്നത്. സദൃശ്യവാക്യങ്ങൾ 4:23ൽ പറയുന്നതുപോലെ

> **"സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക; ജീവന്റെ ഉത്ഭവനം അതിൽ നിന്നല്ലോ ആകുന്നത്."**

കുട്ടികളുടെ ഹൃദയങ്ങൾക്ക് ആത്മീയമായ കാവൽ നൽകാതിരിക്കുമ്പോൾ അവിടെ തിന്മയുടെ വിത്തുകൾ വേഗത്തിൽ മുളച്ചു പൊങ്ങുന്നു.

### മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിരോധ കവചം

നമ്മുടെ പുരാതനമായ ഓർത്തഡോക്സ് വിശ്വാസത്തിൽ ഈ വിപത്തിനെ മറികടക്കാൻ ഉതകുന്ന ശക്തമായ ആത്മീയ ആയുധങ്ങളുണ്ട്.

### വി. കുർബാനയിലൂടെ ലഭിക്കുന്ന ആത്മീയ കവചം

സഭയിലെ കൂദാശകൾ കുട്ടികൾക്ക് വലിയൊരു ആത്മീയ സുരക്ഷിതത്വം നൽകുന്നുണ്ട്. പ്രത്യേകിച്ച് വിശുദ്ധ കുർബാന അനുഭവിക്കുന്ന ഒരു കുട്ടിയിൽ കർത്താവിന്റെ ശരീരവും രക്തവുമാണ് ജീവിക്കുന്നത്. ഈ വലിയ ദൈവീക സാന്നിധ്യം ഉള്ളിലുള്ള ഒരു കുട്ടിക്ക് തിന്മകളോട് 'വേണ്ട' എന്ന് പറയാൻ പ്രത്യേക കൃപ ലഭിക്കും. ലൗകികമായ ലഹരിക്ക് പകരം ദൈവീക കൃപയുടെ ആത്മീയ ആനന്ദം കുട്ടികൾക്ക് പകർന്നു നൽകാൻ സഭയുടെ ആരാധനകൾക്ക് കഴിയും.

**നോമ്പും പ്രാർത്ഥനയും:**
ആത്മനിയന്ത്രണത്തിന്റെ പരിശീലനം

ഓർത്തഡോക്സ് സഭയുടെ വലിയൊരു സവിശേഷതയാണ് നോമ്പുകൾ. നോമ്പ് എന്നത് കേവലം ഭക്ഷണം ക്രമീകരിക്കലല്ല, മറിച്ച് സ്വന്തം ആഗ്രഹങ്ങളെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിക്കാനുള്ള മനസ്സിന്റെ പരിശീലനമാണ്. കുട്ടിക്കാലം മുതൽ നോമ്പ് നോൽക്കാൻ ശീലിക്കുന്ന ഒരു കുട്ടി, സ്വന്തം ജിജ്ഞാസകളെയും താൽക്കാലിക മോഹങ്ങളെയും നിയന്ത്രിക്കാൻ പഠിക്കുന്നു. ഈ ആത്മനിയന്ത്രണം അവനെ ഭാവിയിൽ ലഹരിയുടെ പ്രലോഭനങ്ങളിൽ വീഴാതെ കാത്തുസൂക്ഷിക്കും.

## കുടുംബങ്ങളുടെയും ഇടവകകളുടെയും കടമ

ഈ യുദ്ധത്തിൽ മാതാപിതാക്കൾക്കും സഭയ്ക്കും ഒരുപോലെ പങ്കുണ്ട്.

### കുടുംബ പ്രാർത്ഥനയുടെ വീണ്ടെടുപ്പ്

വീടുകളിൽ ഒന്നിച്ചു പ്രാർത്ഥിക്കുന്ന ശീലം കുറയുന്നത് കുട്ടികളെ ആത്മീയമായി തളർത്തും. സന്ധ്യാപ്രാർത്ഥനകളും വായനകളും വീടുകളിൽ സജീവമാക്കണം.

### തുറന്ന സൗഹൃദങ്ങൾ

മാതാപിതാക്കൾ മക്കളോട് ഒരു വിധികർത്താവിനെ പോലെയല്ല, മറിച്ച് നല്ലൊരു സുഹൃത്തിനെ പോലെ പെരുമാറണം. അവരുടെ സങ്കടങ്ങളും സംശയങ്ങളും തുറന്നു പറയാനുള്ള അന്തരീക്ഷം വീട്ടിൽ ഉണ്ടാക്കണം.

### ഇടവക പ്രവർത്തനങ്ങളുടെ സജീവത

ഒവിബിഎസ് (**OVBS**), സൺഡേ സ്കൂൾ, യൂത്ത് ലീഗ് (**OCYM**) തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ കഴിവുകളെ ആത്മീയമായ വഴിയിലേക്ക് തിരിച്ചു വിടാൻ ഇടവകകൾക്ക് സാധിക്കണം. അവരെ സഭയുടെ കാവൽക്കാരായി മാറ്റിയെടുക്കണം.

### ഉപസംഹാരം

> **"ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല."**
> (സദൃശ്യവാക്യങ്ങൾ 22:6)

ലഹരി എന്ന മഹാമാരി നമ്മുടെ വാതിൽ പടിയിൽ വന്നു നിൽക്കുമ്പോൾ ഭയപ്പെടുകയല്ല, മറിച്ച് പ്രാർത്ഥനയോടും ജാഗ്രതയോടും കൂടി അതിനെ നേരിടുകയാണ് വേണ്ടത്. നമ്മുടെ കുട്ടികൾക്ക് പണവും ആഡംബരങ്ങളും നൽകുന്നതിനേക്കാൾ പ്രധാനം അവരെ ദൈവഭയത്തിൽ വളർത്തുക എന്നതാണ്. സഭ എന്ന വലിയ ആത്മീയ കോട്ടയ്ക്കുള്ളിൽ നമ്മുടെ കൗമാരങ്ങളെ സുരക്ഷിതമായി സൂക്ഷിക്കാൻ മാതാപിതാക്കൾക്കും വൈദികർക്കും ഇടവക സമൂഹത്തിനും സാധിക്കട്ടെ. ദൈവകൃപ നമ്മുടെ തലമുറകളെ കാത്തുസൂക്ഷിക്കട്ടെ.



# സമയനിയന്ത്രണവും പഠനരീതികളും



**എബിൻ എബ്രഹാം**
കുറ്റിക്കാട്ട് പുത്തൻവീട്

ഇന്നത്തെ വിദ്യാർത്ഥി ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ട കഴിവുകളിൽ ഒന്നാണ് സമയ നിയന്ത്രണം. സമയം ശരിയായി ഉപയോഗിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിലും ജീവിതത്തിലും മികച്ച വിജയം നേടാൻ സാധിക്കും. പഠനഭാരം, പരീക്ഷകൾ, വ്യക്തിപരമായ കാര്യങ്ങൾ എന്നിവയെല്ലാം ക്രമമായി കൈകാര്യം ചെയ്യാൻ സമയനിയന്ത്രണം സഹായിക്കുന്നു.

സമയം ഒരു വിലപ്പെട്ട സമ്പത്താണ്. അത് ഒരിക്കൽ നഷ്ടപ്പെട്ടാൽ തിരികെ ലഭിക്കില്ല. അതിനാൽ ഓരോ വിദ്യാർത്ഥിയും തന്റെ ദിവസക്രമം മുൻകൂട്ടി തയ്യാറാക്കണം. രാവിലെ എഴുന്നേൽക്കുന്നതു മുതൽ രാത്രി ഉറങ്ങുന്നതുവരെ ചെയ്യേണ്ട കാര്യങ്ങൾ ക്രമപ്പെടുത്തി പ്രവർത്തിക്കുമ്പോൾ സമയം പാഴാകുന്നത് ഒഴിവാക്കാം. പഠനത്തിനും വിശ്രമത്തിനും വിനോദത്തിനും ഒരുപോലെ സമയം കണ്ടെത്തേണ്ടത് ആവശ്യമാണ്.

പഠനത്തിൽ വിജയിക്കാൻ ചില നല്ല പഠനരീതികളും അനിവാര്യമാണ്. ആദ്യം, പഠനത്തിനായി ശാന്തമായ ഒരു അന്തരീക്ഷം തിരഞ്ഞെടുക്കണം. ശ്രദ്ധ തിരിക്കുന്ന മൊബൈൽ ഫോൺ, ടെലിവിഷൻതുടങ്ങിയവപഠനസമയത്ത്ഒഴിവാക്കണം. ദിവസവും നിശ്ചിത സമയത്ത് പഠിക്കുന്ന ശീലം വളർത്തിയാൽ പഠനം കൂടുതൽ ഫലപ്രദമാകും.

കഠിനമായ വിഷയങ്ങൾ ആദ്യം പഠിക്കുകയും പിന്നീട് എളുപ്പമുള്ള വിഷയങ്ങൾ പഠിക്കുകയും ചെയ്യുന്നത് നല്ല രീതിയാണ്. ഓരോ വിഷയത്തിനും ചെറിയ ലക്ഷ്യങ്ങൾ നിശ്ചയിച്ച് പഠിക്കുമ്പോൾ ആത്മവിശ്വാസം വർധിക്കും. പഠിച്ചതിനെ വീണ്ടും ആവർത്തിച്ച് വായിക്കുന്നത് ഓർമ്മശക്തി കൂട്ടാൻ സഹായിക്കുന്നു. കൂടാതെ കുറിപ്പുകൾ തയ്യാറാക്കുന്നതും പ്രധാനപ്പെട്ട കാര്യങ്ങൾ അടയാളപ്പെടുത്തുന്നതും പരീക്ഷാസമയത്ത് ഉപകാരപ്പെടും.

ആരോഗ്യകരമായ ജീവിതശൈലിയും പഠനവിജയത്തിൽ വലിയ പങ്കുവഹിക്കുന്നു. മതിയായ ഉറക്കം, ശരിയായ ഭക്ഷണം, ചെറിയ വ്യായാമം എന്നിവ വിദ്യാർത്ഥിയുടെ ഏകാഗ്രതയും ഓർമ്മശക്തിയും വർധിപ്പിക്കും. ഇടവേളകളില്ലാതെ നീണ്ട സമയത്തേക്ക് പഠിക്കുന്നതിനേക്കാൾ ചെറിയ ഇടവേളകളോടെ പഠിക്കുന്നത് കൂടുതൽ ഫലപ്രദമാണ്.

അവസാനമായി, സമയനിയന്ത്രണവും നല്ല പഠനരീതികളും വിദ്യാർത്ഥിയുടെ വിജയത്തിന് അടിസ്ഥാനം ആണെന്ന് പറയാം. സമയം ശരിയായി ഉപയോഗിക്കുകയും ക്രമബദ്ധമായി പഠിക്കുകയും ചെയ്യുന്നവർക്ക് ലക്ഷ്യങ്ങൾ എളുപ്പത്തിൽ നേടാൻ കഴിയും. അതിനാൽ ഓരോ വിദ്യാർത്ഥിയും ഇന്ന് തന്നെ സമയത്തിന്റെ വില മനസ്സിലാക്കി നല്ല പഠനശീലങ്ങൾ വളർത്തണം.





# കൃതജ്ഞത

ഇന്ന് നമ്മുടെ ഇടവക യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തിറങ്ങിയ "യുവദർശനം" മാസികയുടെ വിജയത്തിനായി പ്രവർത്തിച്ച എല്ലാ പ്രിയപ്പെട്ടവർക്കും ഈ അവസരത്തിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഈ മാസിക ഒരു പുസ്തകം മാത്രമല്ല, നമ്മുടെ യുവജനങ്ങളുടെ വിശ്വാസവും ചിന്തകളും സൃഷ്ടിപരമായ കഴിവുകളും സമൂഹത്തോടുള്ള ഉത്തരവാദിത്വബോധവും പ്രതിഫലിപ്പിക്കുന്ന ഒരു പ്രകാശസ്തംഭമാണ്.

ആദ്യം സർവ്വശക്തനായ ദൈവത്തോട് നന്ദി അർപ്പിക്കുന്നു. ഈ മഹത്തായ പ്രവർത്തനം വിജയകരമായി പൂർത്തിയാക്കുവാൻ ദൈവം നൽകിയ കൃപയും കരുതലും നമ്മെ ശക്തിപ്പെടുത്തി.

ഈ മാസികയ്ക്ക് ആത്മീയ നേതൃത്വം നൽകിയ നമ്മുടെ പ്രിയപ്പെട്ട വികാരിയച്ചൻ ഫാ. ബിജു തോമസ് അച്ചനും സഹവികാരി ഫാ. ആഷ്ലി ജോൺ തോമസ് അച്ചനും ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. യുവജനങ്ങളുടെ ആത്മീയ വളർച്ചയ്ക്കും വിശ്വാസ ജീവിതത്തിനും അവർ നൽകിയ പ്രചോദനവും മാർഗ്ഗനിർദ്ദേശവും ഈ മാസികയുടെ ശക്തിയാണ്.

ഈ പ്രസിദ്ധീകരണത്തിന്റെ പിന്നിൽ അക്ഷീണം പ്രവർത്തിച്ച ചീഫ് എഡിറ്റർ അലീന മേരി ബ്ലസ്സൺ, എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, ലേഖകർ, കവികൾ, കലാകാരന്മാർ, ഡിസൈനർമാർ, സാങ്കേതിക സഹായികൾ എന്നിവർക്കെല്ലാം പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. അവരുടെ അധ്വാനവും സമർപ്പണവും ഇല്ലായിരുന്നുവെങ്കിൽ ഈ മാസിക ഇത്തരത്തിൽ മനോഹരമാകുമായിരുന്നില്ല.

ഈ മാസികയിലെ ലേഖനങ്ങൾ യുവജനങ്ങൾക്ക് ആത്മീയത, പ്രാർത്ഥന, വിശ്വാസം, സമാധാനം, കരുണ, നന്ദി, സാമൂഹികബോധം, വ്യക്തിത്വവികസനം എന്നിവയുടെ മഹത്തായ സന്ദേശങ്ങളാണ് നൽകുന്നത്. ജീവിതത്തെ കൂടുതൽ അർത്ഥവത്താക്കാനും സമൂഹത്തിന് മാതൃകയാകാനും ഇവ നമ്മെ പ്രചോദിപ്പിക്കുന്നു.

ഈ മാസിക വായിക്കുന്ന ഓരോരുത്തരുടെയും ഹൃദയങ്ങളിൽ നല്ല ചിന്തകളും വിശ്വാസവും സേവനമനോഭാവവും വളരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. യുവജനങ്ങളുടെ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഇത്തരം പ്രവർത്തനങ്ങൾ വലിയൊരു വേദിയാകട്ടെ എന്ന് ആശംസിക്കുന്നു.

**ആരോൺ മനു മത്തായി**
**സെക്രട്ടറി**

# വാർത്തകൾ വിശേഷങ്ങൾ



01/05/2026
മെമ്പർഷിപ് ക്യാമ്പയിൻ



07/05/2026
പരിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാളിനോട് അനുബന്ധിച്ച് യുവജനപ്രസ്ഥാന അംഗങ്ങൾ പള്ളിയുടെ ഉൾവശം വൃത്തിയാക്കുകയുണ്ടായി.



05/05/2026
മെമ്പർഷിപ് ക്യാമ്പയിൻ



15/05/2026
BEST WISHES TO Dn. Bennet Biju




05/05/2026
കോന്നി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ വച്ച് നടത്തപ്പെട്ട അഖില മലങ്കര സംഗീത സമൂഹഗാന മത്സരത്തിൽ 1,2 സ്ഥാനങ്ങൾ പ്രസ്ഥാന അംഗങ്ങൾ കരസ്ഥമാക്കി.

# BIBLE WORD SEARCH

**FIND THESE WORDS**

- BIBLE
- GOD
- JESUS
- FAITH
- GRACE
- LOVE
- PRAYER
- CHURCH
- DISCIPLES
- GOSPEL
- SALVATION
- KINDNESS
- MERCY
- TRUTH
- SCRIPTURE
- TESTAMENT
- COVENANT
- PSALM
- PROVERBS
- HOLYSPIRIT

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| S | C | R | I | P | T | U | R | E | Q | W | E | R | T | Y |
| A | L | O | V | E | U | I | O | P | A | S | D | F | G | H |
| L | Z | X | C | V | B | G | O | D | J | K | L | Z | X | C |
| V | B | N | M | F | A | I | T | H | E | R | T | Y | U | I |
| A | S | D | F | G | H | J | K | L | Z | X | C | V | B | N |
| T | E | S | T | A | M | E | N | T | M | Q | W | E | R | T |
| I | Y | U | I | O | P | J | K | L | Z | X | C | V | B | N |
| O | P | A | S | D | F | G | H | J | K | L | Z | X | C | V |
| N | B | M | E | R | C | Y | U | I | O | P | A | S | D | F |
| Q | W | E | R | T | Y | U | I | O | P | J | K | L | Z | X |
| C | H | U | R | C | H | A | S | D | F | G | H | J | K | L |
| Z | X | C | V | B | N | M | Q | W | E | R | T | Y | U | I |
| D | I | S | C | I | P | L | E | S | O | P | A | S | D | F |
| G | H | J | K | L | Z | X | C | V | B | N | M | Q | W | E |
| K | I | N | D | N | E | S | S | T | Y | U | I | O | P | A |
| P | S | A | L | M | Q | W | E | R | T | Y | U | I | O | P |
| P | R | O | V | E | R | B | S | A | S | D | F | G | H | J |
| H | O | L | Y | S | P | I | R | I | T | Z | X | C | V | B |
| G | O | S | P | E | L | B | N | M | Q | W | E | R | T | Y |
| T | R | U | T | H | Y | U | I | O | P | A | S | D | F | G |

ഇടവകയിലെ 10 വയസ്സു മുതൽ 15 വയസ്സുവരെയുള്ള കുട്ടികൾക്ക് ഈ മത്സരത്തിൽ പങ്കെടുക്കാം ഇംഗ്ലീഷ് അക്ഷരങ്ങളുടെ ഗ്രിഡിൽ മറഞ്ഞിരിക്കുന്ന വേദപുസ്തകത്തിലെ വാക്കുകൾ മാർക്ക് ചെയ്യുക. പേജ് വൃത്തിയായി സ്കാൻ ചെയ്തോ ഫോട്ടോ എടുത്തോ താഴെകാണുന്ന മെയിലിൽ അയക്കുക.

**yuvadarshanameditor@gmail.com**

അയക്കേണ്ട അവസാന തീയതി:

**2026 ജൂൺ 20**

Name: ..............................................

Address: ..........................................

............................................................

............................................................

............................................................

Ph: ....................................................

# കളർ ചെയ്യൂ... സമ്മാനം നേടൂ..

Name: .............................................

Address: .........................................

..........................................................

Ph: ...................................................





ഇടവകയിലെ 3 വയസ്സു മുതൽ 9 വയസ്സുവരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. താഴെ കാണുന്ന ചിത്രം കളർ ചെയ്തശേഷം നിങ്ങളുടെ പേരും വിലാസവും ഫോൺ നമ്പറും രേഖപ്പെടുത്തുക. പേജ് വൃത്തിയായി സ്കാൻ ചെയ്തോ ഫോട്ടോ എടുത്തോ താഴെകാണുന്ന മെയിലിൽ അയക്കുക.

**yuvadarshanameditor@gmail.com**


അയക്കേണ്ട അവസാന തീയതി:

**2026 ജൂൺ 20**


IN LOVING MEMORY of
P. S Yohannan & Mariyamma Yohannan
Puthuparambil Thekkethil - Lovedale


SUNFLOWER
COLLEGE OF NURSING
Adarsha Nagar, Nelamangala, Bengaluru - 562123
www.sunflowerinstitutions.com
Quality Education
Experienced Faculty
Compassionate Care
Modern Labs & Learning Facilities
Holistic Development

*'I am the resurrection and the life. Those who believe in me, even though they die, will live, and everyone who lives and believes in me will never die.'*
*John 11:25-26*



# In Loving Memory *of*

## MATHEWKUTTY DANIEL

PULIYATHU HOUSE
THENGUMKAVU

# In Loving Memory *of*



## P. S GEORGE & AMMINI GEORGE

PUTHENVILAYIL